മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം




# ഓർത്തഡോക്സ് യുവജനം

വാല്യം 16
ലക്കം 2
ത്രൈമാസിക



PARUMALA PERUNNAL SPECIAL EDITION




CUSTOM MADE
WORLD WIDE DELIVERY
HANDMADE CASTING
PAULSON
Wood | Metal | Stone
9495 680660
7559 062900
എല്ലാവിധ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും
ആവിശ്യമായ റീപോളീഷിംഗ് വർക്കുകളും
പ്ലേറ്റിംഗ് വർക്കുകളും ഉത്തരവാദിത്വത്തോടെ
മിതമായ നിരക്കിൽ ചെയ്ത് നൽകുന്നു.
www.thepaulson.com

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം
പ്രസിദ്ധീകരണം

വാല്യം 16 പരുമല പെരുന്നാൾ സ്പെഷ്യൽ പതിപ്പ് ലക്കം 02





## താളുകളിലൂടെ......


**പരുമല മോർ ഗ്രീഗോറിയോസിന്റെ കൽപ്പനകൾ; അർത്ഥവത്തായ ജീവിതത്തിന് ഒരു മാർഗ്ഗരേഖ**
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

**എഡിറ്റോറിയൽ**

**വിശുദ്ധി നിറഞ്ഞ നവോത്ഥാന നായകൻ**
ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

**പരുമല തിരുമേനി എന്ന പ്രചോദകൻ**
ഡോ. എം. കുര്യൻ തോമസ്

**പരിശുദ്ധ പരുമല തിരുമേനിയുടെ കത്തുകൾ: നന്മയിലേയ്ക്കുള്ള ചൂണ്ടുപലകകൾ**
പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്

**പരിശുദ്ധ പരുമല തിരുമേനിയുടെ കൈയ്യെഴുത്ത് പ്രതികൾ**
ഫാ. ഈയോബ് ഒ.ഐ.സി.

**കെട്ടുതേങ്ങായും പിടിയരിയും**
ഫാ. തോമസ് പി. മുകളിൽ

**യുവത്വം യുവാക്കൾക്കായി പാഴാക്കുന്നില്ല**
ദീപക് ചാത്തുരുത്തിൽ ഏലിയാസ്

**പരുമലയിലെ പരിശുദ്ധിയുടെ കലവറയിലേക്കുള്ള യാത്ര**
അഡ്വ. ലിന്റോ എം. ലോയിഡ്, മണ്ണിൽ



**എഡിറ്റോറിയൽ ബോർഡ്**

പ്രസിഡന്റ്
ഡോ.ഗീവർഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത

വൈസ് പ്രസിഡന്റ്
ഫാ. ജെയിൻ സി. മാത്യു

ജനറൽ സെക്രട്ടറി
ഫാ. വിജു ഏലിയാസ്

ട്രഷറാർ
രെഞ്ചു എം. ജോയി

എഡിറ്റർ
ഫാ.ലൂക്ക് ബാബു

പബ്ലിഷർ
റോബിൻ ജോ വർഗീസ്

ബോർഡ് അംഗങ്ങൾ
അനീഷ് ജേക്കബ് തയ്യിൽ
ഗീവിസ് മർക്കോസ്



വിലാസം

ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ,
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്
ചുങ്കം, കോട്ടയം-1

Phone : 0481 2583997
e-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing
e-reading : www.ocymonline.org




### പ്രസിഡന്റിന്റെ സന്ദേശം

## പരുമല മോർ ഗ്രീഗോറിയോസിന്റെ കൽപ്പനകൾ

# അർത്ഥവത്തായ ജീവിതത്തിന് ഒരു മാർഗ്ഗരേഖ

**ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത**



മലങ്കരയുടെ പരിമളമായ മോർ ഗ്രിഗോറിയോസ് അനുനിമിഷമുള്ള ദൈവ സംസർഗ്ഗത്തിലൂടെ കൈവരിച്ച വിശുദ്ധിയുടെ സുഗന്ധം മലങ്കര സഭാ ഗാത്രത്തിൽ മാത്രമല്ല മാനവിക സമൂഹത്തിനാകമാനവും അനുസ്യൂതമായ ദൈവകൃപയുടെ വ്യാപാരത്തിന് മുഖാന്തിരമായിത്തീരുന്നു. സത്യവെളിച്ചമായ ദൈവത്തിൽ നിന്നും പകർന്നു നൽകപ്പെട്ട പ്രകാശം നമുക്ക് മുൻപിൽ വഴിവിളക്ക് എന്ന വണ്ണം ചൊരിയുന്ന പരിശുദ്ധ തിരുമേനിയുടെ കൽപ്പനകളെ പിൻപറ്റി അർത്ഥപൂർണ്ണമായ ജീവിതം നയിക്കേണ്ടുന്നതിന് ആ മധ്യസ്ഥതയിൽ അഭയപ്പെടുന്ന ഏവർക്കും ഉത്തരവാദിത്തമുണ്ട്. പരിശുദ്ധൻ ഭൗതിക ലോകത്തിൽ ആയിരുന്ന കാലം വാമൊഴിയായും വരമൊഴിയായും നൽകിയ കൽപ്പനകൾ നമ്മുടെ ഇഹലോകപ്രയാണം എപ്രകാരമാണ് ക്രമീകരിക്കപ്പെടേണ്ടത് എന്നതിനുള്ള ഉത്തമ മാർഗരേഖയാണ്. പരിശുദ്ധ പിതാവിന്റെ എഴുത്തുകളിലും നിർദ്ദേശങ്ങളിലും അന്തർലീനമായ ഉപദേശങ്ങൾ സാമൂഹിക ജീവിതത്തിൽ എപ്രകാരം പ്രസക്തമാകുന്നു എന്ന എളിയ പഠനമാണ് ഈ ലേഖനത്തിൽ.

ലൗകിക സുഖങ്ങളിൽ അഭിരമിച്ച് അവനവനിലേക്ക് മാത്രം ചുരുങ്ങി ജീവിക്കുവാൻ ഇഷ്ടപ്പെടുന്ന വർത്തമാനകാല സമൂഹത്തിൽ പരിശുദ്ധന്റെ ഈ കൽപ്പന നാം മാതൃകയാക്കേണ്ടതാണ്. 'ഏവരും തന്നെത്താൻ അറിയണം, ബലമറിഞ്ഞു നടക്കണം, ബുദ്ധി പഠിക്കണം, ബുദ്ധിമാൻ എന്ന് പഠിക്കരുതെ, ഗണത്തെ മറക്കരുതെ, എല്ലാവരെയും കരുതണം, ദൈവത്തെ ഭയപ്പെടണം, സാത്താനെ പേടിക്കരുതെ, ശത്രുവിനെയും സ്നേഹിക്കണം, ബന്ധുക്കളെ ശത്രുക്കളാക്കരുതെ, ദൈവത്തോട് ചോദിച്ചു നടക്ക' താനാണ് എല്ലാവരെയുംക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊണ്ട് തന്നെക്കാൾ അറിവുള്ളവർ മറ്റാരുമില്ല എന്ന മിഥ്യാധാരണയിൽ അഹങ്കാര മനോഭാവത്തോടെ വർത്തിക്കുന്നവർക്ക് പരിശുദ്ധന്റെ കൽപ്പന ഒരു ഓർമ്മപ്പെടുത്തലാണ്. സകലത്തിലും ദൈവത്തോട് ആലോചന കഴിക്കാതെയുള്ള ജീവിതം, സഹജീവികളെ ചേർത്തുപിടിക്കാതെയുള്ള ജീവിതം, താഴ്മയുടെ ഫലം കായ്ക്കാത്ത ജീവിതം



അർത്ഥ ശൂന്യമെന്ന് പരിശുദ്ധൻ നമ്മെ പഠിപ്പിക്കുന്നു. ലോകത്തെയോ പിശാചിനെയോ അല്ല ദൈവത്തെ അത്ര നാം ഭയപ്പെടേണ്ടത് എന്നും പരിശുദ്ധ തിരുമേനി നമ്മോട് കൽപ്പിക്കുന്നു. 1890 ൽ അടുപ്പമുള്ള ഒരു വീട്ടുകാരിൽ നിന്നും സംഭവിച്ച എന്തോ ശരികേടിനെ പ്രതി തന്റെ ഭവനത്തിൽ ഉള്ളവർക്ക് എഴുതിയതായ കത്തിൽ ഇപ്രകാരം കാണുന്നു ' വീട്ടിക്കാരെക്കുറിച്ചു പരിഭവം തോന്നുകയും വെളിയിൽ സംസാരിക്കയും അരുതു. പ്രകൃതത്താൽ വന്നു പോയതാകുന്നു. പ്രകൃതം സൃഷ്ടിയാലെ ഉള്ളതാകയാൽ കുറ്റം പറയാവതല്ലല്ലൊ. നിങ്ങളിലും അതിലധികമുണ്ടല്ലൊ' മറ്റുള്ളവരുടെ പിഴവുകളെ ആഘോഷിക്കുവാൻ ഒരുങ്ങുന്ന സമൂഹത്തിൽ പാപം ചെയ്യാത്തവർ കല്ലെറിയുവാനുള്ള കർത്താവിന്റെ കൽപ്പനയെ തിരുമേനി ഇവിടെ ആവർത്തിക്കുന്നതായി കാണാം. കുറ്റങ്ങൾ അവസ്ഥയ്ക്കനുസരിച്ച് ക്ഷമിക്കുവാനുള്ള മനസ്സ് പരിശുദ്ധ തിരുമേനിയിൽ ദൃശ്യമായിരുന്നു 1893 ൽ ഭവന നിർമ്മാണത്തിനിടെ നടന്ന കാര്യങ്ങൾ സംബന്ധിച്ച് ജ്യേഷ്ഠന്റെ മകനയച്ച കത്തിൽ മാളിക പണിതു എന്നുള്ളത് മനസ്സിൽ പോലും ഒരു നിഗളത്തിന് കാരണമാവരുതെന്നും നമ്മുടെ പ്രശംസയ്ക്കായിട്ടല്ല ദൈവം വരുത്തിയതിനാൽ അത്രെ ഇത് സംഭവിച്ചത് എന്നും തിരുമേനി എഴുതുന്നു. ഇതേ കത്തിൽ മുഷ്ക്ക് കാട്ടിയ അയൽക്കാരനോടുള്ള വീട്ടുകാരുടെ പ്രതികരണത്തിൽ അസന്തുഷ്ടനായ തിരുമേനി അങ്ങനെയുള്ളവരെ പോലും ക്ഷമയോടെ കൈകാര്യം ചെയ്യേണ്ടതെങ്ങനെ എന്നും ലളിതമായ ഭാഷയിൽ വിവരിക്കുന്നുണ്ട്.

കണ്ണിമ ചിമ്മുന്ന വേഗത്തിൽ സമ്പന്നനാകാൻ ആഗ്രഹിക്കുന്നവർ കൊല്ലവർഷം 1076 കർക്കടക മാസത്തിലെ പരിശുദ്ധ തിരുമേനിയുടെ എഴുത്തിലെ ഈ വരികൾ ശ്രദ്ധിക്കേണ്ടതാണ് 'ദൈവഭയത്തൊടും ഹൃദയ ശുദ്ധതയോടും തരാതരം പോലെ അന്വേഷിച്ചു പ്രയാസപ്പെട്ടു അദ്ധ്വാനിക്കാതെ നടക്കുകയില്ല. വിയർപ്പാൽ അപ്പം ഭക്ഷിച്ചുകൊള്ളണമെന്നാണ് ദൈവം കൽപ്പിച്ചിട്ടുള്ളത്. ഉള്ളവൻ ഇല്ലാത്തവനെ പോലെ വിചാരിച്ചു പരിശ്രമിക്കണം' കഠിനാദ്ധ്വാനം ചെയ്തു തന്നെ ജീവിക്കണമെന്ന് തിരുമേനി കർശനമായി നിഷ്കർഷിച്ചിരുന്നു. ഒന്നിലധികം കൽപ്പനകളിൽ ഈ ആശയം നാം വായിക്കുന്നുണ്ട്. ഉള്ളവൻ ഇല്ലാത്തവനെ പോലെ വിചാരിച്ച് പരിശ്രമിക്കണം എന്നുള്ള ഓർമ്മപ്പെടുത്തൽ കഠിനാദ്ധ്വാനത്തിന്റെ പ്രസക്തിയെയാണ് കാണിക്കുന്നത്.ഏത് കാര്യത്തിലും വിജയപ്രാപ്തിക്ക് അധ്വാനത്തോടൊപ്പം ദൈവഭയവും അനിവാര്യമാണെന്ന് തിരുമേനി ചൂണ്ടിക്കാട്ടുന്നു.

നാം ചെയ്യുന്ന ഉപകാരങ്ങൾക്ക് നന്ദിയില്ലാത്തവരായി തീരുന്നവരോട് പരിഭവിക്കുന്ന ബലഹീന മനുഷ്യരാണ് നമ്മൾ. എന്നാൽ നന്ദിയും വകതിരിവും ഇല്ലാത്തവരാണ് എന്നറിഞ്ഞുകൊണ്ട് തന്നെ ഒരു കൂട്ടർക്ക് സഹായം ചെയ്യുന്നത് എന്തിന് എന്നതിന്റെ ഉത്തരം 1898 ലെ പരിശുദ്ധ തിരുമേനിയുടെ ഒരു കൽപ്പനയിൽ നിന്നും നമുക്ക് കണ്ടെത്താൻ സാധിക്കും 'നാം ചെയ്യുന്നത് ദൈവത്തെക്കുറിച്ച് എന്നിരുന്നാൽ മതി അപ്പോൾ നമുക്ക് അതിൽ നിന്ന് നല്ല പ്രതിഫലം കിട്ടും. വഞ്ചിക്കപ്പെടുകയാണെന്നറിഞ്ഞുകൊണ്ടുതന്നെ ക്ഷമിക്കണമെങ്കിൽ അപാരമായ സ്നേഹവും സഹിഷ്ണുതയും കരുതലും കൂടിയേ തീരൂ.' തിന്മയ്ക്ക് പകരം ഹൃദയത്തിൽ നന്മ വിചാരിക്കുന്നതാണ് നല്ലതെന്ന് വ്യക്തതയോടെ പരിശുദ്ധ തിരുമേനി തന്റെ വാക്കുകളാൽ നമ്മുടെ ഹൃദയങ്ങളിൽ ഉറപ്പിച്ചു തരുന്നു. സർവ്വശക്തനായ ദൈവത്തിൽ ആശ്രയം വെച്ച് മനുഷ്യ ജീവിതത്തിന്റെ നശ്വരാവസ്ഥയെക്കുറിച്ച് സദാ ബോധവാന്മാരായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് തിരുമേനിയുടെ ഉപദേശം 1879 ൽ തന്റെ ജ്യേഷ്ഠൻ കുഞ്ഞു വർക്കിക്ക് എഴുതിയ ഒരു എഴുത്തിൽ നാം വായിക്കുന്നുണ്ട്. 'ദൈവം തന്നെ സർവ്വശക്തൻ. താൻ തന്നെ ആകുന്നൂ ഇഹത്തിലും പരത്തിലും നമ്മെ രക്ഷിക്കുന്നതും. തന്നിൽ ആശിക്കുന്നവന്റെ ആശ ഒരിക്കലും വ്യർത്ഥമായി പോകാത്തയും ആയിരിക്കുമ്പോൾ ആ ദൈവത്തെ ഉപേക്ഷിച്ചു പുഴുവാകുന്ന ഒരു മനുഷ്യനിൽ ശരണപ്പെട്ടുകൊണ്ടാൽ അവൻ വരുവാനിരിക്കുന്ന സകല ആപത്തുകളിൽ നിന്നും നരക ശിക്ഷയിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നതല്ലെന്നുള്ളതും മറ്റും അറിയാമല്ലോ. മരണം എല്ലാവർക്കും വാതുക്കൽ തന്നെ നിൽക്കുന്നൂയെന്നു ഓർത്തു കൊള്ളണമെ'

നിസ്സാര കാര്യങ്ങളെ പ്രതി തമ്മിൽ കലഹാവസ്ഥയിൽ ആയിരിക്കുന്നത് നന്നല്ല എന്ന്

തിരുമേനി പഠിപ്പിച്ചിരുന്നു. കലഹമല്ല സമാധാനമാണ് നമുക്ക് ഭൂഷണം ആകേണ്ടതെന്നും ആ വാക്കുകളിൽ കാണാം. 'സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ ഇപ്പോൾ വളരെയും ആകുന്നു അത് ഒടുക്ക കാലമാകകൊണ്ടുമായിരിക്കാം'. സകലരും തങ്ങളുടെ ജയം മാത്രമാഗ്രഹിക്കുന്ന വർത്തമാന കാലഘട്ടത്തിൽ 'ജയിപ്പാൻ മാത്രമല്ല തോൽപ്പാനും പഠിക്കണം' എന്ന തിരുമേനിയുടെ കൽപ്പന ഏറെ പ്രാധാന്യത്തോടെ കാണേണ്ടതാണ്. ഈ മത്സരയുഗത്തിൽ ഈ കൽപനയുടെ പ്രസക്തി യുക്തമായ രീതിയിൽ വിശകലനം ചെയ്യുമ്പോൾ വേണ്ട സന്ദർഭങ്ങളിൽ തോൽക്കുവാൻ കൂടെ പഠിച്ചിരുന്നുവെങ്കിൽ സമൂഹത്തിലെ ധാരാളം തിന്മകളെ ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു എന്ന വസ്തുതയിൽ നാം എത്തിച്ചേരുന്നു. ആത്മാഭിലാഷവും ജഡാഭിലാക്ഷവും തമ്മിലുള്ള പോരാട്ടത്തിൽ പലപ്പോഴും ജഢീക മോഹങ്ങൾക്ക് നാം വശംവദരാകുമ്പോൾ 'ആത്മാവിനെക്കാൾ ശരീരത്തെയും ദൈവത്തേക്കാൾ ദ്രവ്യത്തെയും സ്നേഹിക്കരുത് 'എന്ന അല്പം കർക്കശ്യ സ്വഭാവത്തിൽ തന്നെയുള്ള തിരുമേനിയുടെ കൽപ്പന അല്പം കർക്കശ്യ സ്വഭാവത്തിൽ തന്നെയുള്ള തിരുമേനിയുടെ കൽപ്പന നാം ഓർത്തുകൊള്ളേണ്ടതാണ്.

സാമൂഹിക അധാർമികതകൾക്ക് എതിരെ ശക്തമായ ഭാഷയിൽ ശബ്ദമുയർത്തുവാനും നമുക്ക് സാധ്യമായി തീരണം. ശിശുവിവാഹങ്ങൾ സാധാരണമായിരുന്ന പരിശുദ്ധ തിരുമേനിയുടെ കാലഘട്ടത്തിൽ അതിനെതിരായി ശക്തമായ നിലപാട് അദ്ദേഹം സ്വീകരിച്ചിരുന്നു. തന്റെ ഭവനത്തിലേക്ക് അയക്കുന്ന ഒന്ന് രണ്ട് എഴുത്തുകളിൽ ഈ നിലപാട് ശക്തമായി എന്നാൽ ലളിതമായ ഭാഷയിൽ തന്നെ അദ്ദേഹം വ്യക്തമാക്കുന്നുമുണ്ട്.' കുഞ്ഞുങ്ങളാകയാൽ പുരുഷനും സ്ത്രീയും എന്നുള്ള സ്ഥിതിയും അറിവും ഉണ്ടായി വരുന്നതിനോട് കൂടെ കല്യാണം നടത്തിയാൽ മതി എന്നാണ് വിചാരിക്കുന്നത്. വാത്സല്യം മുഴുവൻ ആക്കുന്നത് പല്ല് പറഞ്ഞു മുഴുവനും നിരക്കുന്നതിന് മുമ്പ് കല്യാണം കഴിച്ചു കാണുന്നതിൽ അല്ല അവർ പഠിത്തത്തിലും അറിവിലും പൂർണ്ണമായി ദൈവഭക്തിയിലും മനുഷ്യപ്രീതിയിലും വളർന്നു ഉയർന്നു കാണുന്നതിൽ അത്രെ'. തന്റെ ജ്യേഷ്ഠന് അയക്കുന്ന മറ്റൊരു കത്തിൽ സ്ത്രീധന സമ്പ്രദായത്തെ കുറിച്ചുള്ള നിലപാടും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. 'വളരെ കഷ്ടം', 'ഈ നാശം' എന്നീ പദങ്ങളാണ് തിരുമേനി സ്ത്രീധന സമ്പ്രദായത്തെ വിശേഷിപ്പിക്കുവാനായി ഉപയോഗിച്ചിരിക്കുന്നത്. ഈ പദോപയോഗങ്ങൾ തന്നെ സ്ത്രീധനം എന്ന സമ്പ്രദായത്തോടുള്ള അദ്ദേഹത്തിന്റെ എതിർപ്പ് വ്യക്തമാക്കുന്നവയാണ്.

ഭൗതികങ്ങളായ നഷ്ടങ്ങളിൽ അല്പം പോലും ദുഃഖം കൂടാതെ സഹനാനുഭവത്തിൽ കൂടെ അവയെ അതിജീവിക്കുവാൻ സാധിക്കണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തിയിരുന്നു. ദൈവത്തിന്റെ കൃപയാണ് നമ്മെ നയിക്കുന്നത് എന്ന് ബോധ്യമുള്ളവർ ആയിരിക്കുവാൻ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കാരണമാകുന്നു. അനുനിമിഷമുള്ള ദൈവ സംസർഗത്തിലൂടെ വിശുദ്ധിയിലേക്ക് വളർന്ന തിരുമേനി ജീവിതത്തിലെ എല്ലാ കാലഘട്ടങ്ങളിലും പ്രാർത്ഥനയോടുകൂടെ ആയിരിപ്പാനും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട് 'പ്രാർത്ഥന എന്നതോ ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു'. നോമ്പുപവാസാദിനിഷ്ഠകളെ തീക്ഷ്ണതയോടെ പാലിച്ച് സത്യവിശ്വാസത്തെ അനുനിമിഷം മുറുകെപ്പിടിച്ച് ജീവിച്ച ഈ പരിശുദ്ധൻ നാം ഈ ലോകത്തിൽ ആയിരിക്കുമ്പോഴും ഈ ലോകത്തിനുള്ളവരല്ല എന്ന ബോധ്യം തന്റെ ജീവിതം വഴിയായി നമുക്ക് പകർന്നു നൽകുന്നു.

പൈശാചിക ശക്തികളുടെ വിളനിലമെന്ന് ഒരു കാലത്ത് വിശേഷിപ്പിക്കപ്പെട്ടിരുന്ന പരുമല ദ്വീപിനെ ഇന്ന് വിശ്വാസ സഹസ്രങ്ങൾക്ക് അഭയകേന്ദ്രമാക്കി തീർത്തത് മാധ്യസ്ഥതയോടെ സുഗന്ധം വമിക്കുന്ന ആ പരിശുദ്ധ കബറിടം ആണ്. ലോകത്തിന്റെ അളവുകോലിൽ ഹ്രസ്വമായ പരിശുദ്ധ തിരുമേനിയുടെ ഭൗതീക ജീവിതം പക്ഷെ അനശ്വരങ്ങളായ സന്ദേശങ്ങളാൽ സമ്പന്നമാണ്. കാലം ചെയ്തു 123 വർഷങ്ങൾക്കിപ്പുറവും പരിശുദ്ധ പരുമല തിരുമേനിയുടെ കൽപ്പനകൾ അർത്ഥവത്തായ ജീവിതക്രമത്തിന് അടിസ്ഥാന ശിലയാകുന്നു. ആ മഹാപരിശുദ്ധന്റെ മധ്യസ്ഥതയിൽ അഭയപ്പെടുന്ന നമുക്ക് ആ കൽപ്പനകളുടെ വഴിയിൽ സഞ്ചരിച്ച് ദൈവീകരണത്തിൽ വളരാം.


Editorial

# മലങ്കരയുടെ സിറിയസ് നക്ഷത്രം...

ഫാ. ലൂക്ക് ബാബു (യൂഥിക)
ചീഫ് എഡിറ്റർ

*ആകാശ മണ്ഡലത്തിൽ സൂര്യൻ കഴിഞ്ഞാൽ ഏറ്റവും തിളക്കമുള്ളതായി കാണപ്പെടുന്ന രാത്രി നക്ഷത്രമാണ് സിറിയസ്. തിളങ്ങുന്ന' അല്ലെങ്കിൽ 'കത്തുന്ന' എന്നർത്ഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സിറിയസിന് ആ പേര് ലഭിച്ചത്. ഇരവും പകലും ഒരേപോലെ ശോഭ നൽകുവാൻ ഒരു നക്ഷത്രത്തിനും സാധ്യവുമല്ലയെങ്കിലും അവശക്തിയായി പ്രകാശിക്കുവാൻ നിശ്ചിത സമയത്ത് മാത്രം സാധിക്കുന്ന വായുമാണ്. ആധ്യാത്മിക - സാമൂഹിക - സാംസ്കാരിക നഭോമണ്ഡലങ്ങളിൽ ഒരോ സമയം നിരന്തരം പ്രശോഭിച്ച് നിൽക്കുന്ന അപൂർവമായ ചില താരശോഭകൾ മാനവരുടെ ഇടയിലുണ്ട്. എന്നാൽ ആ അപൂർവതയ്ക്ക് രാഗ നൈർമല്യമണിഞ്ഞ്, ജീവിതകാലം മുഴുവൻ പ്രഭോശിച്ച് പ്രകാശം ചൊരിഞ്ഞും, ഇപ്പോഴും പ്രകാശം നൽകി കൊണ്ടിരിക്കുന്നതുമായ മലങ്കരയുടെ തിളങ്ങുന്ന സിറിയസ് നക്ഷത്രമാണ് പരിശുദ്ധ പരുമല തിരുമേനി. മരതക രഞ്ജിത മൗലിയണിഞ്ഞൊരു പുണ്യ മുനിവര്യന്റെ അനശ്വരമായ ജീവിതവും അവിസ്മരണീയമായ ആത്മീയതയും അനിർവചനീയമായ സാമൂഹിക പ്രതിബന്ധതയും അനുദിനം ഈടുറ്റ ചോതോഹര സ്മൃതി പഥങ്ങളാണ്.*

*സമൂഹത്തിൽ ജാതി - വർണ്ണ വർഗ വ്യത്യാസങ്ങളുടെയും സഭയിൽ നവീകരണ ശക്തികളുടെയും ഇരുണ്ട കാലഘട്ടത്തിൽ പ്രകാശമായി നിന്ന ചാരു നേത്ര വിഹാരികയായിരുന്നു പരിശുദ്ധ പരുമല തിരുമേനി. നവോത്ഥാന ചിന്തകളിൽ വിപ്ലവത്തിന്റെ മാറ്റൊലി മുഴക്കി, സത്യവിശ്വാസത്തിന്*



*സംരക്ഷണത്തിന്റെ ഈടുറ്റ മാർഗ്ഗദീപമായി, വ്യക്തമായ ഉൾക്കാഴ്ച്ച പരിശുദ്ധ പിതാവിന് ഉണ്ടായിരുന്നു. തന്റെ ആഴമായ കാഴ്ച്ചപ്പാടുകളും ശക്തമായ ആശയങ്ങളും കൽപ്പനകളിലൂടെയും കത്തുകളിലൂടെയും കൃതികളിലൂടെയും ഡയറിക്കുറുപ്പുകളിലൂടെയും മനോഹരമായ കൈപ്പടയിൽ രചിക്കപ്പെട്ടിരുന്നു. പരിശുദ്ധന്റെ എഴുത്തുകൾ അക്കാലത്തെ സാമൂഹിക - സാമുദായിക - സാംസ്കാരിക തലങ്ങളിൽ അനിവാര്യമായ ഉറപ്പിക്കലിന്റെയും തിരുത്തലിന്റെയും മാറ്റൊലിയുടെയും അടയാളപ്പെടുത്തൽ കൂടിയായിരുന്നു. ആ എഴുത്തുകളുടെ മൂല്യങ്ങൾക്ക് ഇന്നും ഇടിവ് വരാതെ പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരർത്ഥത്തിൽ ആധുനികതയുടെ ആരംഭത്തിൽ കേരളത്തിന്റെ സാമൂഹിക തലങ്ങളിലും സത്യവിശ്വാസികളുടെ ആധ്യാത്മിക നഭോ മണ്ഡലങ്ങളിലും വ്യക്തിമുദ്ര പതിപ്പതിപ്പിക്കുവാൻ ഈ തപോധനന് കഴിഞ്ഞു എന്ന് വേണം കരുതുവാൻ.*

*പരിശുദ്ധ പിതാവിൻ 123-ാം ദുക്റോനോയുടെ സ്മൃതി മഹനീയതയുടെ കാലയളവാണിത്. യുവജനം ത്രൈമാസിക പരിശുദ്ധന്റെ ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് പ്രത്യേക പതിപ്പ് ഇറക്കുന്ന പതിവുണ്ട്. ഈ വർഷത്തെ പ്രത്യേക പതിപ്പിൽ പരിശുദ്ധ പിതാവിന്റെ കത്തുകളും ഉപദേശങ്ങളും കല്പനകളും പത്തോളം വരുന്ന കൃതികളുടെ സംക്ഷിപ്തമായ പഠന ലേഖനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മലങ്കര ഈടുറ്റ സ്മരണ നിലനിർത്തുന്നുവെങ്കിലും മലയാള സാംസ്കാരിക്ക എത്ര മാത്രം ഈ നവോത്ഥാന നായകനെ മനസിലാക്കി എന്നത് ആശങ്കയോടെ കാണേണ്ടുന്ന വസ്തുതയാണ്. കൂടുതലായും ആഴമായും പഠനങ്ങളും അന്വേഷണങ്ങളും ഇനിയും തുടരേണ്ടത് അനിവാര്യമെന്ന് ഉത്തരാധുനികത നമ്മോട് പറയുന്നുണ്ട്.*

*മലങ്കരയുടെ മഹാ പരിശുദ്ധന്റെ മഹനീയ മധ്യസ്ഥത നമുക്ക് കാവലാകട്ടെ...!*

## മലങ്കര സഭയുടെ സംഭാവനകൾ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടത് : ചാണ്ടി ഉമ്മൻ




കോട്ടയം : മലങ്കര സഭയുടെ സംഭാവനകൾ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടതാണെന്നും യുവതലമുറ അഭിമാനത്തോടെ അത് ഏറ്റെടുക്കണമെന്നും ചാണ്ടി ഉമ്മൻ എം.എൽ.എ.

പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രഗതി മെറിറ്റ് അവാർഡ് വിതരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ യുലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. വിവിധ തലങ്ങളിൽ നേട്ടം കൈവരിച്ച യുവജനങ്ങൾക്ക് അവാർഡുകൾ സമ്മാനിച്ചു. വൈദീക ട്രസ്റ്റി ഫാ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, ദേവലോകം അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ, ജനറൽ സെക്രട്ടറി വിജു എലിയാസ്, ട്രഷറർ രഞ്ജു എം. ജോയ്, പ്രോഗ്രാം കോർഡിനേറ്റർ അനീഷ് ജേക്കബ് റീജിയണൽ സെക്രട്ടറി ഡാനി രാജു, അബു എബ്രഹാം വീരപ്പള്ളിൽ, ജിൻസ് തടത്തിൽ, റീജൻ യോഹന്നാൻ, നിബിൻ നല്ല വീട്ടിൽ, അശ്വിൻ വി. റെജി, റെനോജ് ജോർജ്, എൽദോസ് പുള്ളോർമഠം, ഗീവീസ് മാർക്കോസ്, രോഹിത്ത് കെ ജോൺ, നിതിൻ മണക്കാട്ട്മണ്ണിൽ, ജോർജ് കുര്യൻ എന്നിവർ പങ്കെടുത്തു.



# വിശുദ്ധി നിറഞ്ഞ നവോത്ഥാന നായകൻ

**ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**
(പ്രിൻസിപ്പാൾ, വൈദിക സെമിനാരി, കോട്ടയം)



**വി**ശുദ്ധിയുടെ തേജസായ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (1848 - 1902) പകർന്നത് സാമൂഹികവും ആദ്ധ്യാത്മീകവുമായ നവോത്ഥാന ദർശനങ്ങളാണ്. വ്രതവിശുദ്ധിയിൽ ആദ്ധ്യാത്മിക ചൈതന്യം പ്രസരിതമാക്കിയ ആ പുണ്യജീവിതം 54 വർഷം മാത്രമായിരുന്നു. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന ചരിതത്തിൽ നിർണ്ണായക പങ്കാളിത്തം വഹിച്ച വിശുദ്ധി പകർന്ന നായകനായിരുന്നു പരുമല തിരുമേനി.

ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധ ജീവിതം മാതൃകയാക്കിയ പരുമല തിരുമേനി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടി. ജനിച്ചു വളർന്ന എറണാകുളം ജില്ലയിലെ മുളന്തുരുത്തി മുതൽ തിരുവല്ലായ്ക്ക് സമീപമുള്ള പരുമല (1848 - 1877) വരെയുള്ള 29 വർഷം തപോനിഷ്ഠ ജീവിതത്താൽ ആത്മജ്ഞാനം നേടി. പൗരസ്ത്യ ആദ്ധ്യാത്മീകത ജീവിതത്തിൽ സ്വാംശീകരിച്ചു. കഠിനമായ ഉപവാസം, നിരന്തരമായ പ്രാർത്ഥന, ദീർഘമായ മൗനം, ഇന്ദ്രീയ സംയമനം, ധർമ്മാചരണം, ലളിത ജീവിതം എന്നിവയിലൂടെ തപോനിഷ്ഠമായ ജീവിതമായിരുന്നു പരുമലതിരുമേനിയുടേത്.

പരുമല തിരുമേനി മധുര സ്വരത്തിൽ പാടുകയും ആരാധന നടത്തുകയും ചെയ്തിരുന്നു. 'വിനയം, ക്ഷമാശീലം, കരുണ, ഔദാര്യം, നിഷ്കാപട്യം, സമഭാവന തുടങ്ങിയ മൂല്യങ്ങൾ പൂർണ്ണമായി പരുമല തിരുമേനിയിൽ പ്രകാശം പരത്തിയതായി 1902 - ൽ പരുമല തിരുമേനിയുടെ പ്രഥമ ജീവചരിത്രകാരനായ എം.പി. വർക്കി രേഖപ്പെടുത്തി. താപസ ജീവിതത്താൽ ആദ്ധ്യാതമിക തേജസ്സ് പകർന്ന മഹായോഗിയാണ് പരുമല തിരുമേനി.

പരുമല തിരുമേനിയുടെ ജീവിതത്തിന്റെ രണ്ടാം ഘട്ടം പരുമലയിൽ എത്തിയത് മുതൽ ഊർശ്ലേം വരെയുള്ള (1877 - 1895) 18 വർഷമാണ്. കോട്ടയത്തിന് തെക്കുള്ള മുഴുവൻ പള്ളികളേയും നയിച്ച പരുമല തിരുമേനി, പരുമല കേന്ദ്രീകരിച്ച് മലങ്കര മുഴുവൻ സഞ്ചരിച്ച് വിശ്വാസികൾക്ക് ആദ്ധ്യാത്മീക പ്രബോധനവും സത്യവിശ്വാസ പാഠങ്ങളും പകർന്നു. എല്ലാ പള്ളികളിലേയും പണ പിരിവിന്റെ മുഖ്യ ചുമതല ഉണ്ടായിരുന്നിനാൽ മലങ്കര സഭയിലെ മുഴുവൻ ഇടവകകളിലും ഒരു പരിധി വരെ അദ്ദേഹത്തിന് അധികാരവും അവകാശവും ഉണ്ടായിരുന്നു. വിശ്വാസാചാരങ്ങളിൽ പൂർണ്ണ യാഥാസ്ഥിതികതയും സഭാഭരണ വിഷയങ്ങളിൽ ഉല്പതിഷ്ണുത്വവും പ്രകടമാക്കി.

ക്രൈസ്തവരുടെ പുണ്യ കേന്ദ്രമായ ഊർശ്ലേം സന്ദർശിച്ച ശേഷമുള്ള ഏഴുവർഷ

മാണ് (1895-1902) പരുമല തിരുമേനിയുടെ ജീവിതത്തിലെ ഏറ്റവും പ്രകാശപൂർണ്ണമായ മൂന്നാംഘട്ടം. എഴുത്തിലും ദർശനത്തിലും പ്രവർത്തനത്തിലും 'വിമോചന ദൗത്യം' ഉൾച്ചേർത്ത പരുമല തിരുമേനി കേരളത്തിലെ സാംസ്കാരിക നവോത്ഥാനത്തിന് ധീരനേതൃത്വം നൽകി.

ഇംഗ്ലീഷ് വിദ്യാഭ്യാസം, സഞ്ചാര സാഹിത്യം, ദലിത് വിമോചനം, ജീർണ്ണിച്ച സാമൂഹിക ആചാരക്രമളുടെ പൊളിച്ചെഴുത്ത് എന്നിവയിൽ മുഖ്യ പങ്കാളിത്തം വഹിച്ച കർമ്മയോഗിയാണ് പരുമല തിരുമേനി. ജാതീയ ചിന്തകൾക്കും സാമൂഹിക വേർതിരിവുകൾക്കും അതീതമായ സമീപനം പങ്കിട്ട പരുമല തിരുമേനിയുടെ നവോത്ഥാന ദർശനം വേണ്ടത്ര ഉൾക്കൊള്ളുവാൻ പൊതു സമൂഹത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക പരിഷ്കർത്താവ്, അജപാലകൻ, താപസവര്യൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാഹിത്യകാരൻ, മനുഷ്യസ്നേഹി എന്നിങ്ങനെ നിരവധി വിശേഷണങ്ങൾ ഉണ്ടെങ്കിലും പരിശുദ്ധനായ പരുമല തിരുമേനി എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പ്രശസ്തി ലോക വ്യാപകമായത്.

**മുളന്തുരുത്തിയിൽ 1848 ൽ ജനനം.**
**വൈദികൻ, കോർ എപ്പിസ്കോപ്പ, റമ്പാൻ എന്നീ പദവികൾ ലഭിച്ചു.**
**സുറിയാനി ഭാഷ. വേദശാസ്ത്രം, ആരാധനാക്രമം, നിയമം, ആചാര അനുഷ്ഠാനം എന്നിവയിൽ അതിവ പ്രാവീണ്യം നേടി.**
**1876 ൽ 28-ാം വയസ്സിൽ മെത്രാപ്പോലിത്തായായി.**
**1895 ൽ ഊർശ്ലേം യാത്രാ വിവരണം എഴുതി. ഇത് മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച യാത്രാവിവരണം എന്നറിയപ്പെടുന്നു.**
**1902 നവംബർ രണ്ടിന് 54 മത്തെ വയസ്സിൽ അന്തരിച്ചു.**
**പരുമല പള്ളിയുടെ സമീപം കബറടക്കി.**
**1947 നവംബർ രണ്ടിന് മലങ്കര സഭ പരിശുദ്ധനായി പ്രഖ്യാപിച്ചു.**
**എല്ലാ വർഷവും നവംബർ 1, 2 തീയതികളിൽ ഓർമ്മ.**

കേരളത്തിൽ സാമൂഹിക പരിവർത്തനത്തിന് തുടക്കമിട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം മലങ്കര സഭയിൽ ശക്തിപ്പെടുത്തണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. ഇംഗ്ലീഷ് പുസ്തകങ്ങൾ വഴി യഥാർത്ഥ ക്രിസ്തീയ തത്വങ്ങൾ വിദ്യാർത്ഥികളിൽ വേരൂന്നുമെന്നും അതിനാൽ ഇംഗ്ലീഷ് സ്ക്കൂളുകൾ പലയിടങ്ങളിലും ഇനിയും സ്ഥാപിക്കണമെന്നും 1895-ൽ നടത്തിയ പരുമല പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. ജാതിഭേദം കൂടാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകണമെന്ന പ്രബോധനം തുടർ പ്രസംഗങ്ങളിലും എഴുത്തുകളിലും മുഴങ്ങി. തുമ്പമൺ, മുളന്തുരുത്തി, കുന്നംകുളം, നിരണം, തിരുവല്ല തുടങ്ങി വിവിധ സ്ഥലങ്ങളിൽ വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് പരുമല തിരുമേനി പ്രാരംഭമിട്ടു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻറെ ഉൾക്കാഴ്ച ഊർശ്ലേം സന്ദർശനത്തിന് ശേഷമാണ് പരുമല തിരുമേനിയിൽ ശക്തിപ്പെടുന്നത്. ജാതീയ വേർതിരിവുകൾ ഇല്ലാതെ ഏവർക്കും വിദ്യാഭ്യാസം എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

പരുമല തിരുമേനിയുടെ മലയാള ഗദ്യ രചനകൾക്ക് അസാധാരണ വിശുദ്ധിയുണ്ട്. കല്പനകൾ, ഡയറിക്കുറിപ്പുകൾ സ്വകാര്യ ലേഖനങ്ങൾ, ഇടയ ലേഖനങ്ങൾ, പ്രഭാഷണങ്ങൾ എന്നിവയിൽ എല്ലാം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ മലയാള ഗദ്യത്തിൻറെ മാതൃകകൾ കണ്ടെത്താം. മലയാളത്തിലെ പ്രഥമ ലക്ഷണയുക്ത സഞ്ചാര കൃതിയായ ഊർശ്ലേം യാത്രാവിവരണം 1895-ൽ പ്രസിദ്ധീകരിച്ചു. ഇതിലെ സ്വതന്ത്രവും ഉദാത്തവുമായ ഗദ്യം വ്യവഹാര ഭാഷയുടേയും പത്ര ഭാഷയുടെയും സമന്വിത ശൈലിയാണ്. ആശയ സംവേദനത്തിൽ ലളിതവും ശുദ്ധവുമായ ഭാഷ അനിവാര്യമാണെന്ന് മനസ്സിലാക്കിയ പരുമല തിരുമേനി ആശയങ്ങളും വസ്തുതകളും നിരീക്ഷണങ്ങളും സൂക്ഷ്മതയോടെ അപഗ്രഥിച്ച് ഹൃദ്യമായ ഭാഷയിൽ അവതരിപ്പിച്ചു. ഇത് തെളിച്ചവും ലാളിത്യവുമുള്ള ഗദ്യരചനാ ശില്പമാണ്. മലയാള ഭാഷയുടെ വികാസ പരിണാമങ്ങൾ അന്വേഷിക്കുന്നവർക്ക് പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകൾ അമൂല്യരേഖകളാണ്.

കേരളത്തിൽ ദലിത് വിമോചനം ആദ്യമായി പ്രഖ്യാപിച്ചത് പരുമല തിരുമേനിയാണ്. ഊർശ്ലേമിൽ നിന്ന് തിരിച്ചെത്തി 1895-ൽ പരുമലയിൽ നടത്തിയ ഉജ്ജ്വലമായ ഭഭക്തവചനംഭ എന്ന പ്രഭാഷണം സാമൂഹിക നവോത്ഥാനത്തിനും ദലിത് വിമോചനത്തിനുമുള്ള ആഹ്വാനമാണ്. സമൂഹത്തിൽ ചവിട്ടിയരയ്ക്കപ്പെട്ട ജനതയുടെ ശക്തീകരണത്തിനുള്ള വിമോചന ദർശനമാണിത്. അവമാനവികരും അവകാശ രഹിതരും തിരസ്കൃതരുമായ ജനതയുടെ വിമോചനം യാഥാർത്ഥ്യമാക്കണമെന്ന് പരുമല തിരുമേനി ആഗ്രഹിച്ചു. അതിനായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു. സ്വാതന്ത്ര്യം, സമത്വം, സഹോദര്യം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു അത്.

**മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളെക്കാൾ അവൻ വലിയവൻ എന്നോർക്കുക. ഈ ഓർമ്മ വച്ചുകൊണ്ട് എല്ലാവരേയും ബഹുമാനിക്കുകയും, ആരേയും നിന്ദിക്കാതിരിക്കുകയും ചെയ്യുവീൻ.**

ദലിത് ജനതയ്ക്ക് സാമ്പത്തിക ഭദ്രത, വിദ്യാഭ്യാസം, സാമൂഹിക അംഗീകാരം എന്നിവ നൽകണമെന്ന് പരുമല തിരുമേനി നിഷ്കർഷിച്ചു. ജാതിവ്യവസ്ഥയുടെ ജീർണ്ണത ശക്തിപ്പെട്ട കാലത്ത് പരുമല തിരുമേനി ദലിത് ജനതയുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്തു. അവരുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു. തിരസ്ക്കാരവും അവഹേളനവും അനുഭവിച്ച ദലിതർക്ക് അന്തസ്സും അംഗീകാരവും നൽകി സ്നേഹസ്പർശം പകർന്നു. ജാതിഘടനയും ആചാരവും സൃഷ്ടിച്ച ജീർണ്ണതയെ അതിജീവിച്ച് സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ ചേർത്തുപിടിക്കുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു. ജാതഭേദമെന്യേ എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉയർത്തുന്നതിനും അംഗീകരിക്കുന്നതിനും പരുമലതിരുമേനി നടത്തിയ പ്രഭാഷണങ്ങളും പരിശ്രമങ്ങളും കേരളചരിത്രത്തിലെ സുവർണരേഖയാണ്. സമഭാവനയും സാഹോദര്യവും സമൂഹത്തിൽ ശക്തിപ്പെടണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേരളത്തിൽ 1896 - 97 കാലത്ത് വരൾച്ചയും ക്ഷാമവും ഉണ്ടായപ്പോൾ പള്ളികളിൽ നിന്നും ഭവനങ്ങളിൽ നിന്നും പരുമല തിരുമേനി പണം സമാഹരിച്ച് മൂലം തിരുനാൾ രാമവർമ്മ മഹാരാജാവിനെ ഏല്പിച്ചു. ജാതി ഭേദമെന്യേ ഏവർക്കും സർക്കാർ ജോലി നൽകണമെന്ന ആവശ്യം ഉന്നയിച്ച് 1891 ൽ ആലപ്പുഴയിൽ കൗണ്ടർ മലയാളി മെമ്മോറിയൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശിശു വിവാഹത്തിനും സ്ത്രീധനത്തിനും ബാലവേലയ്ക്കും പരിസ്ഥിതി ചൂക്ഷണത്തിനും എതിരെ നടത്തിയ പോരാട്ടങ്ങളും ചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടവയാണ്. വിധവകളേയും സ്ത്രീകളേയും വൃദ്ധരേയും എല്ലായിടത്തും സംരക്ഷിക്കപ്പെടണമെന്നും പ്രബോധിപ്പിച്ചു.

പരുമല തിരുമേനിക്ക് സവർണ്ണ സമീപനം പുലർത്തിയ സഭാംഗങ്ങളിൽ നിന്നും ശക്തവും ബാഹ്യവുമായ നിരവധി എതിർപ്പുകൾ നേരിടേണ്ടിവന്നു. ഇതിനെതിരെ പരുമല തിരുമേനി എഴുതി: മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളെക്കാൾ അവൻ വലിയവൻ എന്നോർക്കുക. ഈ ഓർമ്മ വച്ചുകൊണ്ട് എല്ലാവരേയും ബഹുമാനിക്കുകയും, ആരേയും നിന്ദിക്കാതിരിക്കുകയും ചെയ്യുവീൻ. എല്ലാവരേയും സ്നേഹിക്കണമെന്നും ആദരിക്കണമെന്നും ആഹ്വാനം ചെയ്ത പരുമല തിരുമേനി വ്യവസ്ഥയില്ലാതെ ഏവരേയും സ്നേഹിച്ചു.

ദലിത് വിമോചന ദർശനം ഉൾക്കൊള്ളുന്ന പരുമലയിലെ ഭക്തവചന പ്രഭാഷണം നടത്തിയ 1895 - ൽ പരുമല തിരുമേനിക്ക് വയസ് 47 ആണ്. സാമൂഹിക നവോത്ഥാന നായകരായി സാമൂഹിക ചരിത്രം രേഖപ്പെടുത്തിയ ചട്ടമ്പി സ്വാമിക്ക് അന്ന് 42 ഉം ശ്രീനാരായണ ഗുരുവിന് 40 ഉം അയ്യങ്കാളിക്ക് 32 ഉം സഹോദരൻ അയ്യപ്പന് ആറും വയസ് മാത്രം. ഇവരിൽ പലരും ദലിത് ദർശനങ്ങളുമായി എത്തിയത് പരുമല തിരുമേനിക്കു ശേഷം എത്രയോ വർഷങ്ങൾ കഴിഞ്ഞാണ്...! കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിൽ പരുമല തിരുമേനി പങ്കിട്ടത് സമഗ്രമായ മനുഷ്യവിമോചനമാണ്. ജാതിഭേദങ്ങൾക്ക് അതീതമായി തിരസ്കൃത ജനതയെ മുഖ്യധാരയിലേക്ക് ഉയർത്തണമെന്ന മാനവിക ദർശനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി.

മുളന്തുരുത്തിയിൽ നിന്നും പരുമലയിൽ എത്തി കേരളം മുഴുവൻ ഇടയ ശുശ്രൂഷ പകർന്ന പരുമല തിരുമേനിയുടെ വ്രതവിശുദ്ധമായ ലളിത ജീവിതവും ആത്മീയ ദർശനവും സാമൂഹിക പ്രതിബദ്ധതയും വിശ്വാസ സമൂഹത്തിന് മാതൃകയാണ്. വിശാല കാഴ്ചപ്പാടിൽ മനുഷ്യരെ മനസ്സിലാക്കിയ പരുമല തിരുമേനി പൊതു സമൂഹത്തെ കീഴ്പ്പെടുത്തിയത് തന്റെ സാമൂഹിക പ്രതിബദ്ധതയിലൂടെയും ജീവിത വിശുദ്ധിയിലൂടെയുമാണ്. പരുമല തിരുമേനിയുടെ ലളിതവും സുതാര്യവുമായ ജീവിത വിശുദ്ധി ആഴമായ ദൈവ - മനുഷ്യ ബന്ധത്തിൽ നിറഞ്ഞിരുന്നു. പരുമലയിൽ എത്തുന്ന തീർത്ഥാടകർക്ക് പരുമല തിരുമേനി പങ്കിട്ട സാമൂഹിക കാഴ്ചപ്പാടുകളും വിശുദ്ധിയുടെ ദർശനങ്ങളും കോവിഡാനന്തര കാലത്ത് ഉൾക്കൊള്ളുവാൻ കഴിയണം. വ്രതവിശുദ്ധിയിൽ ആത്മീയ ജീവിതത്തിന്റെ അഭ്യുന്നതിക്കായുള്ള പരുമല തീർത്ഥാടനം ഏവർക്കും ക്ഷേമാഐശ്വര്യങ്ങൾ ലഭ്യമാകുവാൻ കൃപ നൽകട്ടെ. അദ്ദേഹം കബറടങ്ങിയ പരുമല സർവ്വരുടെയും തീർത്ഥാടന കേന്ദ്രമായ പുണ്യഭൂമിയായി വളർന്നു.



# പരുമല തിരുമേനി എന്ന പ്രചോദകൻ



**ഡോ. എം. കുര്യൻ തോമസ്**

**മാ**നേജ്മെന്റ് എന്ന ശാസ്ത്രത്തിന് ഒരു അടിസ്ഥാന പ്രമാണമുണ്ട്. അത് "*മാനേജർ എന്നാൽ മറ്റുള്ളവരെക്കൊണ്ടു കാര്യങ്ങൾ സാധിച്ചെടുക്കുന്ന വ്യക്തി*" എന്നാണ് നിർദ്ധാരണം ചെയ്തിരിക്കുന്നത്. കുറച്ചുകൂടി വിശദീകരിച്ചാൽ കഴിവുള്ളവരെ കണ്ടെത്തി അവരെ പ്രോൽസാഹിപ്പിച്ചും ഉത്തരവാദിത്വങ്ങൾ ഏല്പിച്ചും ചുമതലപ്പെടുത്തിയും താൻ നില്ക്കുന്ന പ്രസ്ഥാനത്തെ ശാക്തീകരിക്കുന്ന വ്യക്തിയാണ് യഥാർത്ഥ മാനേജർ എന്ന ഉപരിപാഠം ലഭിക്കും. തന്റെ കഴിവുകളല്ല; പ്രസ്ഥാനത്തിന്റെ ഭാഗമായവരുടെ വ്യക്തിപരമായ കഴിവുകളാണ് ഏതൊരു പ്രഗത്ഭ മാനേജരും തങ്ങൾ ഉൾപ്പെട്ടു നിൽക്കുന്ന പ്രസ്ഥാനത്തിനായി വിനയോഗിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടിൽ പരിശോധിച്ചാൽ പ. പരുമല തിരുമേനി ആധുനിക മാനേജ്മെന്റ് സിദ്ധാന്തപ്രകാരവും ഒരു മികച്ച "മാനേജർ" ആണ്. എന്നു മാത്രമല്ല; ഇക്കാര്യത്തിൽ പ. പരുമല തിരുമേനി പൂർണ വിജയമായിരുന്നു എന്ന് നിസ്സംശയം പറയാം.

അക്കാലത്ത് തെക്കൻ ഭദ്രാസനങ്ങളിൽ ഉയർന്നുവന്ന നവദേവാലയങ്ങളെല്ലാത്തിനും പിന്നിൽ പ. പരുമല തിരുമേനിയുടെ നേതൃത്വവും പ്രോത്സാഹനവും നിർലോപമായി ഉണ്ടായി രുന്നു. സ്വയം പ്രവർത്തിക്കുമ്പോൾതന്നെ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ച് അവരിലൂടെ കാര്യങ്ങൾ നടത്തിക്കൊടുക്കാനും പ. പരുമല തിരുമേനി ശ്രദ്ധിച്ചിരുന്നു. പള്ളി, പള്ളിക്കൂടങ്ങൾ മുതലായവ ആരംഭിക്കാനും, പണി വേഗം തീർക്കാനും വികാരിമാരെയും ജനങ്ങളെയും പ്രോത്സാഹിപ്പിച്ചുകൊണ്ട് പ. പരുമല തിരുമേനി എഴുതിയ അനേകം കല്പനകൾ ഇന്നു ലഭ്യമാണ്. തിരുമേനിയുടെ നിരന്തരമായ പ്രോത്സാഹനത്തിന്റെയും ശ്രദ്ധയുടെയും ഫലമായി തെക്കൻ ഭദ്രാസനങ്ങളിൽ പള്ളികളുടെയും പള്ളിക്കൂടങ്ങളുടെയും എണ്ണം വർദ്ധിക്കുകമാത്രമല്ല, അവയുടെ സാമ്പത്തിക നിലയും മെച്ചപ്പെട്ടു. "പിരിവു ലഭിച്ചില്ലെങ്കിൽ പള്ളിമുതൽ എടുത്തങ്കിലും പള്ളിക്കൂടം ഉണ്ടാക്കണം" എന്നു അദ്ദേഹം ശാസനാരൂപത്തിൽ കല്പിച്ചതും ഒരു പ്രചോദകന്റെ കർത്തവ്യമായിത്തന്നെ കണക്കാക്കണം.

ഏതെങ്കിലും വിഷയത്തിൽ കഴിവുള്ളവരെ പ്രോത്സാഹിപ്പിച്ച് അവരെ സഭയ്ക്കും സമൂഹത്തിനും നേട്ടം ഉണ്ടാക്കത്തക്കവിധത്തിൽ പ്രവർത്തിപ്പിക്കുന്നതിൽ പ. പരുമല തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇക്കാര്യത്തിൽ തന്റെ ഏറ്റവും വലിയ പ്രചോദകനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പാത അദ്ദേഹം പിന്തുടരുകയായിരുന്നു. ഉദാഹരണത്തിനു കണ്ടത്തിൽ വർഗീസ് മാപ്പിളയുടെ സാഹിത്യ-പത്രപ്രവർത്തന ശ്രമങ്ങളെ അദ്ദേഹം സർവാത്മനാ പ്രോത്സാഹിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുക മാത്രമല്ല, അദ്ദേഹത്തിന്റെ കവനപാടവം കണ്ടറിഞ്ഞ് ശാസ്ത്രീയസംഗീത രീതിയിൽ വർഗീസ് മാപ്പിള രചിച്ച ക്രൈസ്തവ കീർത്തനങ്ങൾ ഉടൻ പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഈ പ്രോൽസാഹനത്തെപ്പറ്റി 1901-ൽ പ്രസിദ്ധീകരിച്ച തന്റെ "കീർത്തനമാല"യുടെ മുഖവരയിൽ വർഗീസ് മാപ്പിള, "സുറിയാനി ഭാഷാഗാനങ്ങളിൽ അദ്വിതീയമായ ജ്ഞാനവും അസാധാരണമായ പ്രതിപത്തിയുമുള്ള നി.വ.ദി.ശ്രീ നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ പുസ്തകത്തിലെ പാട്ടുകൾ പലതും ചൊല്ലിക്കേട്ടു സന്തോഷിക്കുകയും വേഗത്തിൽ തീർത്ത് അച്ചടിക്കണമെന്നും കല്പിക്കുകയും ചെയ്തിട്ടുണ്ട്. എളുപ്പ

ത്തിലും ആഗ്രഹത്തിന് അനുരൂപമായ ഭംഗിയിലും കവനം ചെയ്വാൻ ശക്തനല്ലാത്ത എനിക്ക് ഒഴിച്ചുകൂടാത്ത അനേകം കൃത്യാന്തരങ്ങളുടെ ഇടയിൽ ഇതിൽ അടങ്ങിയിരിക്കുന്ന 51 കീർത്തനങ്ങൾ എങ്കിലും അപ്പപ്പോഴായി ഇങ്ങനെ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞത് ആ വന്ദ്യപിതവിന്റെ അനുഗ്രഹവിശേഷം ഒന്നുകൊണ്ടു മാത്രമാണ്. ഈ സ്മരണയോടുകൂടിത്തന്നെ ഞാൻ ഈ പുസ്തകത്തെ ആ തിരുമനസിലേയ്ക്കു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു'' എന്നു രേഖപ്പെടുത്തിയതിൽ കാണുന്നത് ആ പ്രചോദനത്തിന്റെ ശക്തിയാണ്.

പ്രതിഭകളെ അംഗീകരിക്കാൻ പ. പരുമല തിരുമേനി മടിച്ചിരുന്നില്ല. അദ്ദേഹം തന്റെ വാത്സല്യശിഷ്യനായ വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർക്ക് 25–ാം വയസ്സിൽ പരുമല സെമിനാരിക്കു വേണ്ടി കത്തനാരുപട്ടം കൊടുത്ത് അവിടെ മല്പാനായി നിയമിച്ചു. തന്റെ വത്സലശിഷ്യൻ പണ്ഡിതനും മല്പാനുമായി വളർന്നപ്പോൾ ആ ശിഷ്യനെ അംഗീകരിക്കാനും ആദരിക്കാനും പ. പരുമല തിരുമേനി മടിച്ചില്ല. എന്നുമാത്രമല്ല, താൻ പരിഭാഷ ആരംഭിച്ച ക്യംതാ നമസ്കാരവും വി. കുർബാനക്രമവും പൂർത്തീകരിച്ചു പ്രസിദ്ധീകരിക്കാൻ മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരെയും കോനാട്ടു മാത്തൻ കത്തനാരെയും ഏല്പിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് 1901–ൽ അവർ ഇരുവരുംചേർന്ന് പ്രസിദ്ധീകരിച്ച ക്യംതാ നമസ്കാരം – കുർബാന ക്രമത്തിന്റെ മുഖവരയിൽ, ''*പല ഗാനങ്ങളും നമ്മുടെ പിതാവായ നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് സുറിയാനി മട്ടുകളിൽത്തന്നെ മലയാളത്തിൽ തർജ്ജമ ചെയ്തുവെച്ചിരുന്നത് അവിടുത്തെ കൃത്യാന്തരബാഹുല്യം നിമിത്തം പൂർത്തിയാക്കാനോ പരിശോധിച്ചു നന്നാക്കാനോ ഇടയാകാതെ കിടന്നുപോവുകയാൽ ഞങ്ങളെ ഏല്പിക്കുകയും ഞങ്ങൾ രണ്ടാളുംകൂടി ഈ ഗാനങ്ങളെ സുറിയാനി മൂലത്തോട് ഒത്തുനോക്കി പോരാത്തവയെ ചേർത്ത്, കണ്ടത്തിൽ ഈപ്പൻ ഗീവർഗീസ് അവർകളുടെ സഹായത്താൽ സുറിയാനി വൃത്തങ്ങൾക്കു ഭേദം കൂടാതെ ഉണ്ടാക്കി ശരിപ്പെടുത്തുകയും ഇടയ്ക്കിടക്കുള്ള മസുമൂറാകൾ, പ്രാർത്ഥനകൾ മുതലായയെ ചേർത്തു ക്രമപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു.*'' എന്നു അനുസ്മരിച്ചിട്ടുണ്ട്.

ഭരണശാസ്ത്രത്തിലെ മറ്റൊരു സുപ്രധാന ഘടകമാണ് ഭരണാധിപർ അംഗങ്ങളുടെ ''*വ്യക്തിപരമായ കഴിവുകളെ സമൂഹത്തിന്റെ പൊതുനന്മയ്ക്കായി ക്രോഡീകരിക്കുക*'' എന്നത്. ആധുനിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത പ.പരുമല തിരുമേനി ചെയ്തത് ഇതായിരുന്നു എന്ന് മുകളിൽ പറഞ്ഞ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു. തന്റെ വ്യക്തിപരമായ നേട്ടങ്ങളോ പ്രശസ്തിയോ അല്ല അദ്ദേഹം പരിഗണിച്ചത്. മറിച്ച് തന്റെ സമൂഹത്തിന്റെ അഭ്യുന്നതി മാത്രമായിരുന്നു. ഒരു ഭരണാധിപൻ വിജയിക്കുന്നത് അവിടെയാണ്.

അക്കാലത്ത് ലാഭേഛയില്ലാതെ നടത്തിയിരുന്ന കോനാട്ട് മാത്തൻ മല്പാന്റെ ആരാധനാക്രമ പ്രസിദ്ധീകരണ ശ്രമങ്ങൾക്ക് എല്ലാ പിന്തുണയും പ. പരുമല തിരുമേനി നല്കി. മാത്രമല്ല, അവിടെ അച്ചടിച്ച ആരാധനക്രമങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന് പ. പരുമല തിരുമേനി തന്റെ ഭരണസീമയിലുള്ള പള്ളികൾക്കും പട്ടക്കാർക്കും കല്പനയും കൊടുത്തു. അന്നത്തെ സഭാ പ്രസിദ്ധീകരണമായ ''*മലങ്കര ഇടവക പത്രിക*'' പത്രാധിപരായിരുന്ന ഇടവഴിക്കൽ ഇ.എം. പീലിപ്പോസ് സത്യവിശ്വാസ സംരക്ഷണത്തിനാ യി നടത്തി വന്നിരുന്ന പരിശ്രമങ്ങളെയും അതിനായി എഴുതുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളെയും പ. പരുമല തിരുമേനി മുക്തകണ്ഠം പ്രശംസിക്കുകയും അതിന്റെ ഗുണഫലം മലങ്കര സഭ അനുഭവിക്കുന്നതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവിധ രംഗങ്ങളിൽ ഇപ്രകാരം പ. പരുമല തിരുമേനിയുടെ പ്രോത്സാഹനം ലഭിച്ച അനേകരുണ്ട്.

''*ഭരമേല്പിച്ചതിനെ പരിപാലിക്കുന്നവർ*'' എന്നാണ് മേല്പട്ടക്കാരെപ്പറ്റിയുള്ള പൗരസ്ത്യ വീക്ഷണം. അത് എങ്ങിനെ ആയിരിക്കണം എന്നു താലന്തുകളുടെ ഉപമയിൽ യേശുക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അത് അക്ഷരാർത്ഥത്തിൽ പാലിച്ച ഒരാളാണ് പ. പരുമല തിരുമേനി. ''*നിഷ്കാമ കർമ്മി*'' എന്നൊരു സങ്കല്പം ഇന്ത്യൻ തത്വശാസ്ത്രത്തിലുമുണ്ട്. പ. പരുമല തിരുമേനി അതും ആയിരുന്നു. തന്റെ മഹത്വം ഘോഷിക്കുന്നതിനു പകരം തന്നെ ഏല്പിച്ച ചുമതലകൾ അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കാൻ അക്ഷീണം പരിശ്രമിച്ച പ. പരുമല തിരുമേനി അതിനായി എല്ലാവരുടേയും കഴിവുകൾ ഉപയോഗിച്ചു. അവരെ പ്രോൽസാഹിപ്പിച്ചു. അവരെ അംഗീകരിച്ചു. അവയൊന്നും സ്വന്തമാക്കാൻ കവർന്നെടുത്തില്ല. അവരുടെയൊന്നും അദ്ധ്വാനഫലം തന്റേതെന്നു പരസ്യപ്പെടുത്തിയില്ല. തന്റെ ആശയങ്ങൾ ആരിലും അടിച്ചേല്പിച്ചില്ല. അങ്ങനെ താൻ തികഞ്ഞ നിഷ്കാമ കർമ്മി എന്നു തെളിയിച്ചു. ആത്യന്തിക ഫലം: ലോകം അദ്ദേഹത്തെ പരിശുദ്ധനായി അംഗീകരിച്ചു.



# പരിശുദ്ധ പരുമല തിരുമേനിയുടെ കത്തുകൾ നന്മയിലേയ്ക്കുള്ള ചൂണ്ടുപലകകൾ



പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട്

**ക**ത്തുകൾ അഥവാ ലേഖനങ്ങൾ സാഹിത്യലോകത്തിലെ ഒരു പ്രമുഖമായ ശാഖ (genre) ആണ്. റോമിലെ തത്വചിന്തകനായിരുന്ന സെനക്കാ, എഴുത്തുകാരനായിരുന്ന പ്ലിനി, രാജ്യതന്ത്രജ്ഞനും പ്രഭാഷകനുമായിരുന്ന സിസറോ തുടങ്ങിയവരുടെ കത്തുകൾ ഏറെ പ്രശസ്തങ്ങളായിരുന്നു. വിജ്ഞാന വ്യാപനത്തിനും രാഷ്ട്രീയ വിശകലനത്തിനും ആശയ പ്രചരണത്തിനുമൊക്കെ ഇത്തരം കത്തുകൾ പ്രയോജനപ്പെട്ടിരുന്നു. അതതുകാലത്തെ ബൗദ്ധിക -സാംസ്കാരിക-സാഹിത്യ പശ്ചാത്തലങ്ങളെപ്പറ്റി ഏറെ ഉൾക്കാഴ്ച നൽകുന്ന രചനകളായിരുന്നു ഇത്തരം കത്തുകൾ.

ഈ പ്രാധാന്യം കണക്കിലെടുത്താണ് അപ്പോസ്തോലന്മാരും മറ്റും പുതിയ നിയമത്തിലെ കത്തുകൾ എഴുതിയത്. വി.പൗലൂസിന്റെ ലേഖനങ്ങളും വി.പത്രോസ്, വി.യാക്കോബ്, വി.യോഹന്നാൻ തുടങ്ങിയവരുടെ പൊതുലേഖനങ്ങളും ക്രിസ്തുമത ദർശനങ്ങൾ വിശദീകരിക്കുക മാത്രമല്ല ചെയ്യുന്നത്. ധാർമ്മികതയും സന്മാർഗ്ഗവും നിർവ്വചിക്കുക, തെറ്റായ പഠിപ്പിക്കലുകൾ തിരുത്തുക, സഭാ നേതൃത്വത്തിൽ പ്രവർത്തിക്കുന്നവർക്ക് ഉചിതങ്ങളായ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ ദൗത്യങ്ങളൊക്കെ ഈ കത്തുകളിലൂടെയാണ് ആദിമസഭയിൽ നിർവ്വഹിക്കപ്പെട്ടിരുന്നത്. ഈ ലേഖനങ്ങളിൽ ചിലതൊക്കെ സഭാസമൂഹങ്ങൾക്കും, മറ്റു ചിലത് വ്യക്തികൾക്കുമായാണ് എഴുതപ്പെട്ടത് എന്നതും ഓർമ്മിക്കപ്പെടേണ്ടതാണ്.

വിവിധ ക്രൈസ്തവസഭാ മേലദ്ധ്യക്ഷന്മാർ തങ്ങളുടെ അധികാരപരിധിയിലുള്ള ഇടവകകൾക്കും കീഴ്സ്ഥാനികൾക്കുമൊക്കെ കത്തുകൾ അഥവാ കല്പനകൾ (bulls) അയയ്ക്കുന്ന രീതി മദ്ധ്യകാലഘട്ടത്തിനു മുമ്പുതന്നെ നിലവിൽ വന്നിരുന്നു. വൈദികരുടെ നിയമനം, അച്ചടക്കം, വിശ്വാസപരമായ പഠിപ്പിക്കലുകൾ, സുന്നഹദോസ് തീരുമാനങ്ങൾ തുടങ്ങിയവയൊക്കെ വിശദീകരിച്ചിരുന്നത് ഇത്തരം ഔപചാരികമായ ഇടയ ലേഖനങ്ങളിലൂടെ ആയിരുന്നു. പൗരാണിക മലങ്കര സഭയിലെ ഇത്തരം ഇടയലേഖനങ്ങൾ മിക്കവയും കോളനി വാഴ്ചക്കാലത്ത് (ഉദയംപേരൂർ സുന്നഹദേസിലും മറ്റും) നശിപ്പിക്കപ്പെട്ടതായി കരുതപ്പെടുന്നു. അച്ചടിയും കടലാസ്സിന്റെ ഉപയോഗവുമൊക്കെ പ്രചാരത്തിലാകുന്നതിന് മുമ്പുള്ള കാലഘട്ടങ്ങളിൽ മലങ്കരസഭയുടെ നായകന്മാരായിരുന്ന അർക്കദിയാക്കോന്മാരും മറ്റും ഒരു പക്ഷേ താളിയോലകളിലൂടെ ആയിരിക്കണം സന്ദേശങ്ങൾ അയച്ചിരുന്നത്. മെത്രാന്മാരെ അയച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1490-ൽ മലങ്കര നസ്രാണികൾ ബാബിലോൺ പാത്രിയർക്കീസിന് കത്തയച്ചതായി രേഖകളുണ്ട്. അതിന് 5 നൂറ്റാണ്ടുകൾക്ക് മുമ്പ് (ക്രിസ്തുവർഷം 9-ാം നൂറ്റാണ്ടിൽ) മലങ്കര സഭയ്ക്ക് ലഭിച്ച ചെപ്പേടുകൾ സുപ്രധാന കാര്യങ്ങൾ ചെമ്പു തകി

ടിൽ രേഖപ്പെടുത്തി നൽകുന്ന രീ തിയിലേക്കും വെളിച്ചം വീശുന്നുണ്ട്.

സഭാ സമൂഹത്തിന് പൊതുവായും, ഇടവക കൾക്കും പുരോഹിതന്മാർക്കുമൊക്കെ പ്രത്യേക മായും കത്തുകൾ അഥവാ കല്പനകൾ അയയ്ക്കുന്ന രീതി മലങ്കരയിൽ ഏറെ പ്രചാരത്തിലായത് 18-ാം നൂറ്റാണ്ടു മുതൽക്കാണ്. പട്ടംകൊട, ഇടവക രൂപീകരണം, വസ്തുവാങ്ങൽ തുടങ്ങിയവയോടനുബന്ധിച്ച് മെത്രാപ്പോലീത്താ അയച്ചിരുന്ന കല്പനകൾ പള്ളികളിൽ വായിച്ചുകേൾപ്പിക്കുന്ന രീതി കാലക്രമത്തിൽ നിലവിൽ വന്നു. ദൈവസ്തോത്രത്തോടെ ആരംഭിച്ച്, അഭിവാദ്യങ്ങൾ അറിയിച്ച് കല്പനകളുടെ മുഖ്യവിഷയം അവതരിപ്പിക്കുകയും ഒടുവിൽ ആശീർവാദത്തോടെ അവസാനിപ്പിക്കുകയും ചെയ്യുന്ന പതിവ് അക്കാലം മുതൽ ഔപചാരിക കല്പനകളുടെ തനതുശൈലിയാണ്. അത് ഇന്നും ഏറെക്കുറെ പിന്തുടർന്നുപോരുന്നു.

മലങ്കരയുടെ മഹാപരിശുദ്ധനായ പരുമല തിരുമേനി തന്റെ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയരായ എഴുത്തുകാരിൽ ഒരാൾ ആയിരുന്നു വെന്ന് എല്ലാവർക്കും അറിയാം. മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യ യാത്രാവിവരണം (ഊർശ്ലേം യാത്ര) മാത്രമല്ല അദ്ദേഹത്തെ അക്കാലത്തെ ശ്രദ്ധേയരായ എഴുത്തുകാരുടെ മുൻനിരയിലെത്തിച്ചത്. തികഞ്ഞ പണ്ഡിതനായിരുന്ന അദ്ദേഹം ആരാധനാ ക്രമങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയതുവഴി തനതായ ഒരു ആരാധനാ ഭാഷാ ശൈലിക്ക് തുടക്കമിട്ടതും ഓർമ്മിക്കപ്പെടേണ്ടതാണ്. വിവിധ ദേവാലയങ്ങൾക്കും വൈദികർക്കും ബന്ധുമിത്രാദികൾക്കും അദ്ദേഹം അയച്ച കത്തുകൾ ഉള്ളടക്കത്തിന്റെ വൈവിദ്ധ്യം കൊണ്ടും ഭാഷയുടെ വ്യക്തതകൊണ്ടും ശ്രദ്ധയാകർഷിക്കുന്നു. കത്തുകളിൽ തിളങ്ങി നിൽക്കുന്ന ആദ്ധ്യാത്മിക ദർശനങ്ങൾ ഭാരതത്തിന്റെ തദ്ദേശീയനായ പ്രഥമ പ്രഖ്യാപിത പരിശുദ്ധന്റെ വിശുദ്ധിയുടെ നിറവിന് മാറ്റുകൂട്ടുകയും ചെയ്യുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ കല്പനകളും ഡയറിക്കുറിപ്പുകളും സമാഹരിച്ച് ആദ്യമായി ഒരു പഠനഗ്രന്ഥം തയ്യാറാക്കിയത് (പവിത്ര രചനകൾ) ഡോ.സാമുവൽ ചന്ദനപ്പള്ളിയാണ്. തുടർന്ന് ഫാ.ഡോ.ജേക്കബ് കുര്യൻ, ഡോ.എം. കുര്യൻ തോമസ്, ശ്രീ. ജോയ്സ് തോട്ടയ്ക്കാട്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ തുടങ്ങിയവർ പരിശുദ്ധന്റെ 'എഴുത്തുകളെ'പ്പറ്റി ആഴമായ പഠന-നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ ഗണത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പുസ്തകമാണ് പുണ്യവാന്റെ കുടുംബത്തിലെ നാലാം തലമുറക്കാരനായ ഡോ.ഏലിയാസ് ജിമ്മി ചാത്തുരുത്തിയുടെ 'ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും' എന്ന പ്രൗഢഗ്രന്ഥം. (പ്രസാധനം-ഡി.സി. ബുക്ക്സ്). അവതാരികയിൽ പ്രൊഫ. എം. കെ. സാനു മാഷ് എഴുതിയിരിക്കുന്നതുപോലെ "കേരളീയ നവോത്ഥാനത്തിന്റെ വിഹായസ്സിൽ അനശ്വര തേജസ്സായി പരിലസിക്കുന്ന പരുമല തിരുമേനിയുടെ മനുഷ്യമുഖം, ഹൃദയത്തിൽ പതിയുന്ന രീതിയിൽ വരച്ചുകാട്ടുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം."

പരിശുദ്ധ പരുമല തിരുമേനിയുടെ കാലത്ത് അച്ചടി സർവ്വസാധാരണമായിരുന്നില്ല. ആയതിനാൽ കല്പനകൾ സഹായികളെക്കൊണ്ട് പറഞ്ഞെഴുതിക്കുകയായിരുന്നു പതിവ്. സ്വകാര്യ കത്തിടപാടുകൾ മിക്കവാറും സ്വന്തം കൈപ്പടയിലായിരുന്നു. കല്പനകളുടെ നമ്പർ ബുക്കിൽ ഓരോ കല്പനയുടെയും സംക്ഷിപ്തരൂപം രേഖപ്പെടുത്തിയിരുന്നു. സാഹചര്യവശാൽ ചില കല്പനകൾ മുഴുവൻ നമ്പർ ബുക്കിൽ പകർത്തി എഴുതിയതായും കാണപ്പെടുന്നുണ്ട്. സ്വകാര്യ കത്തുകളുടെ ഒരു ശേഖരം ഗ്രന്ഥകാരനായ ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി നിധിപോലെ കാത്തു സൂക്ഷിച്ചിട്ടുണ്ട്. അവയിൽ ചിലതാണ് മേൽപ്പറഞ്ഞ ഗ്രന്ഥത്തിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്.

മലങ്കരയിൽ ഇടയലേഖനങ്ങൾ അർക്കദിയാക്കോന്മാരുടെ കാലത്ത് തുടങ്ങി മാർത്തോമ്മാ മെത്രാന്മാരുടെ കാലത്ത് പ്രചാരം സിദ്ധിച്ചവയാണെങ്കിലും ഈ മാദ്ധ്യമത്തെ ഏറ്റവും ശ്രേഷ്ഠമായി ഉപയോഗിച്ചവർ പരിശുദ്ധ പരുമല തിരുമേനിയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുമാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ പ്രസിദ്ധങ്ങളായ തിരുവചനങ്ങൾ പലതും അദ്ദേഹത്തിന്റെ കല്പനകളിൽനിന്നും കത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. ഡോ.സാമുവൽ ചന്ദനപ്പള്ളിയുടെ 'വചനസുധ'യിൽ ഈ മൊഴിമുത്തുകൾ പലതും തിളങ്ങിക്കിടപ്പുണ്ട്. "പള്ളിക്ക് കൊടുപ്പാനുള്ളത് വേഗത്തിൽ കൊടുത്തുതീർക്കണം, "മിടുക്കനാകേണ്ട-ഭോഷനാകുകയുമരുത്, "ഒന്നിലും നിഗളിക്കരുത്, നിഗളത്തിന്റെ പിന്നാലെ വിഴ്ചയുണ്ട്" തുടങ്ങിയ ഓർമ്മപ്പെടുത്തലുകൾ കാലാതീതങ്ങളാണല്ലോ. "മരണം എല്ലാവർക്കും വാതുക്കൽത്ത

ന്നെ നിൽക്കുന്നുവെന്ന് ഓർത്തുകൊള്ളണം" എന്ന മുന്നറിയിപ്പും എല്ലാവരും ധാർമ്മിക ജീവിതം നയിക്കണമെന്ന കർശന നിർദ്ദേശമാണ് നൽകുന്നത്.

ഡോ.ഏലിയാസ് ജിമ്മിയുടെ പുസ്തകത്തിൽ ക്രോഡീകരിച്ചിരിക്കുന്ന കത്തുകൾ ഏറെയും കുടുംബത്തിലെ അംഗങ്ങൾക്ക് വ്യക്തിപരമായി അയച്ചവയാണെങ്കിലും കാലത്തിന് മുമ്പേ നടന്ന ഒരു സാമൂഹ്യ പരിഷ്കർത്താവിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് അവയിലും മുഴങ്ങുന്നത്. പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയും സുസ്ഥിര വികസനത്തെപ്പറ്റിയും കേട്ടുകേൾവിപോലുമില്ലാതിരുന്ന നാളുകളിൽ "ചെടികളും വൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് പ്രകൃതിയെ സംരക്ഷിക്കുന്നതിന് പരുമല തിരുമേനി നൽകിയ ഉപദേശങ്ങളെ" അവതാരികയിൽ സാനുമാഷ് പ്രകീർത്തിക്കുന്നുണ്ട്. ബാലവിവാഹം, സ്ത്രീധനം തുടങ്ങിയ അനാചാരങ്ങളെ ബന്ധുജനങ്ങൾക്കയച്ച ചില കത്തുകളിൽ തിരുമേനി കർശനമായി വിലക്കുന്നുണ്ട്. "പല്ലുപറിഞ്ഞ് മുഴുവനും നിരക്കുന്നതിനുമുമ്പ് കല്യാണം കഴിച്ചുകാണുന്നതിൽ" ഉൽക്കണ്ഠ പ്രകടിപ്പിക്കുന്ന തിരുമേനി, കുട്ടികൾ "പഠിത്തത്തിലും അറിവിലും ദൈവഭക്തിയിലും മനുഷ്യപ്രീതിയിലും വളർന്ന് ഉയർന്നുകാണുന്നതിൽ" ഏറെ താല്പര്യപ്പെട്ടിരുന്നു. സ്ത്രീധനം ചോദിക്കരുത് എന്ന് കർശനമായി നിർദ്ദേശിക്കുന്ന തിരുമേനി സ്ത്രീധന സമ്പ്രദായത്തെ "കഷ്ടം", "നാശം" എന്നൊക്കെയാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

മാതാപിതാക്കളെയും കുടുംബത്തിലെ മുതിർന്നവരെയും സംരക്ഷിക്കാൻ മനസ്സില്ലാതെ വൃദ്ധസദനങ്ങളിൽ തള്ളുന്ന രീതി നിലവിൽ വരുന്നതിന് ഏറെക്കാലം മുമ്പ് പ്രവാചക ശബ്ദത്തോടെ തിരുമേനി കുടുംബത്തിലെ വിധവമാരായ അമ്മമാരെ ബഹുമാനത്തോടെ പരിപാലിക്കുവാൻ തന്റെ സഹോദരപുത്രന് ഉപദേശം നൽകുന്നത് ഒരു കത്തിൽ കാണാം. "കുടുംബത്തിലെ കാരണവന്മാരെ പോഷിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതും നമുക്ക് വലുതായ ഒരു നിക്ഷേപമാകുന്നു." എന്ന അഭിപ്രായം ഇന്നത്തെ ചെറുപ്പക്കാർ അടിവരയിട്ട് ഓർമ്മിക്കേണ്ടതാണ്. വിജ്ഞാനവ്യാപനത്തിൽ അതീവ തല്പരനായിരുന്ന തിരുമേനി സ്വന്തമായി ഒരു അച്ചുകുടം (press) വാങ്ങുവാൻ ആലോചിച്ചിരുന്നതും കത്തുകളിൽ വെളിവാകുന്നുണ്ട്. കുടുംബത്തിൽനിന്നു വന്ന മറുപടിയിൽ പ്രസ്സിന്റെ കാര്യം പരാമർശിക്കാത്തതിൽ തിരുമേനി അസ്വസ്ഥനാകുന്നുമുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും അച്ചടിയിലൂടെയുള്ള വിജ്ഞാനവ്യാപന സാദ്ധ്യതകളിലും അദ്ദേഹം എത്രമാത്രം ഉത്സുകനായിരുന്നു എന്ന് ഇതിൽനിന്നൊക്കെ നമുക്ക് മനസ്സിലാക്കാം.

ബന്ധുക്കളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കരുണയോടെ കരുതണം എന്ന് തിരുമേനി നിർദ്ദേശിച്ചിരുന്നു. കടബാദ്ധ്യതയിൽ അകപ്പെട്ടുപോയ ഒരു ബന്ധുകുടുംബത്തെ സഹായിക്കുവാൻ തന്റെ കുടുംബത്തിലെ (ചാത്തുരുത്തി) അംഗങ്ങൾ ഒരു പറമ്പ് വാങ്ങിക്കൊടുത്തതിനെ തിരുമേനി ശ്ലാഘിക്കുന്നത് ശ്രദ്ധേയമാണ്. എക്കാലവും സത്യത്തിനുവേണ്ടി നില കൊണ്ട തിരുമേനി "നമ്മുടെ നല്ല നെല്ലിന്റെ കൂടെ കള്ള നെല്ല് ചേർക്കരുതേ" എന്ന് ഉദ്ബോധിപ്പിക്കുന്നത് നമുക്ക് എല്ലാവർക്കും ബാധകമാണ്. വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിന് 'നമ്പരിടുക' എന്നാണ് അക്കാലത്ത് പറഞ്ഞിരുന്നത്. ഇത് തിരുമേനി ഒട്ടും പ്രോത്സാഹിപ്പിച്ചിരുന്നില്ല. "വാശി വിട്ട് ആലോചിക്കുവാൻ" ദൈവം മനസ്സുതരട്ടെ എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന.

തനിക്ക് കൈമുത്തായും ദക്ഷിണയായും കിട്ടുന്നതൊക്കെ പൊതുകാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനാൽ പരിശുദ്ധ പരുമല തിരുമേനി പലപ്പോഴും സാമ്പത്തിക ആവശ്യങ്ങൾക്കായി കുടുംബത്തിലേക്ക് കത്തെഴുതുമായിരുന്നു. "മറ്റുള്ളവരെപ്പോലെ ഞാനും തനതു സമ്പാദ്യമായി കിട്ടുന്നതൊക്കെയും വച്ചിരുന്നു എങ്കിൽ പ്രയാസമില്ലായിരുന്നു. അങ്ങനെ ആയിരുന്നാൽ ഞാൻ ഉറയില്ലാത്ത ഉപ്പുപോലെ, എന്നാൽ ഒരു രസവും ആർക്കും ലഭിക്കപ്പെടുന്നതല്ല." സാമ്പത്തിക കാര്യങ്ങളിലെ ഈ സുതാര്യത എല്ലാവരും അനുവർത്തിക്കേണ്ട ഒരു നിഷ്ഠയാണല്ലോ. ക്ഷാമകാലം വരുന്നതിനാൽ തന്റെ ജ്യേഷ്ഠന്റെ ഓർമ്മയ്ക്കായി പാവങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ഉദ്ബോധനവും, "ജയിപ്പാൻ മാത്രമല്ല, തോൽപ്പാനും പഠിക്കണം." എന്ന നിർദ്ദേശവുമൊക്കെ കാലാതിവർത്തിയായ ഉപദേശങ്ങളാണ്. പുണ്യവാന്റെ പൊതു കല്പനകളിലും സ്വകാര്യ കത്തുകളിലുമൊക്കെ സന്മാർഗ്ഗത്തിലേക്കുള്ള ചൂണ്ടുപലകകളായി ഇത്തരം ധാരാളം മൊഴിമുത്തുകൾ അടങ്ങിയിരിക്കുന്നു. ഇവയൊക്കെ ആഴത്തിൽ അപഗ്രഥിച്ചിട്ടുള്ള വിശിഷ്ട ഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുന്നത് നന്മയിലേക്കും വിവേകത്തിലേക്കും അനുവാചകരെയും വഴി നടത്തും.



# പരിശുദ്ധ പരുമല തിരുമേനിയുടെ കൈയ്യെഴുത്ത് പ്രതികൾ



ഫാ. ഈയോബ് OIC

**പരിശുദ്ധ പരുമല തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതിയ പുസ്തകങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ലേഖനം. തിരുമേനി കാലം ചെയ്ത് ഒരു നൂറ്റാണ്ടിനുശേഷമാണ് ഈ വിഷയത്തിൽ അന്വേഷണം നടത്തുന്നത്. അതിനാൽത്തന്നെ അവയുടെ ലഭ്യത തുലോം ചുരുക്കമാണ്. എന്നാലും പരിശുദ്ധ തിരുമേനിയുടെ ഒരു ദശത്തിലേറെ പുസ്തകങ്ങൾ കേരളത്തിലെ വിവിധ ഗ്രന്ഥശേഖരങ്ങളിലായി ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു**

**കേ**രളത്തിൽ മലയാളം അച്ചടി ആരംഭിക്കുന്നത് 1821-ൽ കോട്ടയം പഴയ സെമിനാരിയിലാണ്. പിന്നീട് കുന്നംകുളത്തും കൊച്ചിയിലും പാമ്പാക്കുടയിലുമെല്ലാം അച്ചടിശാലകൾ സ്ഥാപിക്കപ്പെടുകയും ആരാധനാക്രമങ്ങൾ അച്ചടിക്കുവാനും തുടങ്ങി. അതിനു മുമ്പുവരെ പുസ്തകങ്ങൾ എല്ലാം പകർത്തിയെഴുതി ഉപയോഗിക്കുകയായിരുന്നു പതിവ്. അച്ചടിച്ച ആരാധനാക്രമങ്ങൾ ആദ്യകാലത്ത് വാങ്ങുവാൻ ജനവും വൈദീകരും വിമുഖത കാണിക്കുകയും, പുലിക്കോട്ടിൽ തിരുമേനിയും പരുമല തിരുമേനിയും പാമ്പാക്കുടയിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ പള്ളി ചിലവിൽ വാങ്ങി ഉപയോഗിക്കണമെന്ന് കൽപനകളിലൂടെ ഉദ്ബോദിപ്പിക്കുകയും ചെയ്യുന്നതായി കാണാം.

വൈദികസ്ഥാനികൾ വിദ്യാർഥി ആയിരിക്കുന്ന കാലഘട്ടത്തിൽത്തന്നെ തനിക്ക് ഉപയോഗത്തിനുള്ള പുസ്തകങ്ങൾ പകർത്തിയെടുക്കാൻ ആരംഭിക്കുന്നു. ഗുരുകുല-മൽപ്പാൻ പാഠശാലകളിലെ പ്രധാന വിദ്യാഭ്യാസ രീതികളിലൊന്നായിരുന്നു ഈ പകർത്തിയെഴുത്ത്. മൽപ്പാന്റെ മേൽനോട്ടത്തിൽ അദ്ദേഹത്തിന്റെ കൈയ്യിലുള്ള കുറവുതീർന്ന പുസ്തകങ്ങളിൽ നിന്നാണ് തങ്ങൾക്കാവശ്യമുള്ളവ പകർത്തിയെടുക്കുന്നത്. പൊതുവെ വി.കുർബ്ബാന തക്സ,



ഏവൻഗേലിയോൻ ഭാഗങ്ങൾ, കൂദാശക്രമങ്ങൾ നമസ്കാരങ്ങൾ എന്നിവയും, കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർ വ്യാകരണങ്ങൾ, കാനോൻ പുസ്തകങ്ങൾ, വ്യാഖ്യാനങ്ങൾ തുടങ്ങിയവ കൂടി പകർത്തിയെടുക്കുന്നു. പുസ്തകങ്ങൾ പകർത്തിയെടുത്തു കഴിയുന്നതിലൂടേയും അവ അനായാസേന ഉപയോഗിക്കാനും തർജ്ജമ ചെയ്യാനും സാധിക്കുന്നു എന്ന് മൽപ്പാന് ബോധ്യം വരുമ്പോൾ ആകുന്നു വിദ്യാഭ്യാസം പൂർത്തിയാകുന്നതും ഗുരുവിന്റെ അനുവാദത്തോടെ ശിഷ്യൻ ഗുരുകുലം വിട്ടുപോകുന്നതും.

മറ്റുള്ളവരുടെ ആവശ്യത്തിനായി ചിലപ്പോൾ പ്രതിഫലം സ്വീകരിച്ചോ അല്ലെങ്കിൽ ദാനമായോ പുസ്തകങ്ങൾ എഴുതി നൽകുന്ന പതിവും കാണാൻ സാധിക്കും. പരിശുദ്ധ പരുമല തിരുമേനി പകർത്തിയെടുത്ത് തന്റെ ഗുരുവായ കോനാട്ട് മൽപ്പാനു നൽകിയ വേദവായന പുസ്തകവും മറ്റൊരു അവസരത്തിൽ തന്റെ ശിഷ്യനായ കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിക്കു നൽകിയ പട്ടംകൊടപുസ്തകവും ഇതിനു ഉദാഹരണങ്ങൾ ആണ്.

ഒരു വൈദികൻ മേൽപട്ടസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹം മേൽപട്ടസ്ഥാനത്തിനടുത്ത ശുശ്രൂഷക്രമങ്ങൾ പകർത്തിയെടുക്കാൻ ആരംഭിക്കുന്നു. ആദ്യകാലത്ത് ആരാധനാ ഭാഷ സുറിയാനി മാത്രമായതിനാൽ ഈ ഭാഷയിൽ അവഗാഹമുള്ളവരെ മാത്രമേ ഈ സ്ഥാനത്തേക്ക് പരിഗണിച്ചിരുന്നുള്ളൂ. സുറിയാനി ഭാഷ, സ്വരചിഹ്നങ്ങൾ ഇല്ലാതെ തന്നെ വായിക്കാനും തത്സമയം വിവർത്തം ചെയ്യാനും ഇവർക്ക് സാധിച്ചിരുന്നു. പള്ളികൂദാശക്രമങ്ങൾ, പട്ടംകൊട, തൈലകൂദാശക്രമം തുടങ്ങിയവ ആയിരുന്നു പകർത്തി എടുത്തിരുന്നത്. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയെ സംബന്ധിച്ച് അദ്ദേഹം വൈദിക വിദ്യാർത്ഥി ആയിരിക്കുന്ന കാലത്തും വൈദികനായിരിക്കുമ്പോഴും മേൽപട്ടസ്ഥാനത്തായിരിക്കുമ്പോഴും പുസ്തകങ്ങൾ പകർത്തി എടുത്തിരുന്നതായി കാണാം. അവയിൽ ഇന്നു ലഭ്യമായതിനെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്നു. ആരുടെയെങ്കിലും ശേഖരങ്ങളിൽ തിരുമേനിയുടെ കൈയ്യെഴുത്തു പുസ്തകങ്ങളോ മറ്റോ ഉണ്ടെങ്കിൽ അറിയിക്കുന്നതു നന്നായിരുന്നു.

**1. പട്ടംകൊട പുസ്തകം**

പരിശുദ്ധ പരുമല തിരുമേനി ഉപയോഗിച്ചിരുന്നതും, പിന്നീട് തന്റെ ശിഷ്യനായ കുറ്റിക്കാട്ട് പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിക്ക് നൽകിയതുമായ ഈ പുസ്തകം വളരെ മനോഹരമായ കൈയ്യക്ഷരത്തോടു കൂടിയതും രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതുമാണ്. ചുവപ്പുനിറം തലക്കെട്ടുകൾക്കും നടപടിക്രമങ്ങൾക്കും കറുപ്പുനിറം സാധാരണ എഴുത്തുകൾക്കുമായി ഉപയോഗിച്ചിരിക്കുന്നു. ഒരേ കൈയ്യക്ഷര വലുപ്പത്തിൽ ഒരു പേജിൽ 18 വരികൾ വീതമുള്ള 273 പേജുകളിലായി ഈ പുസ്തകം പകർത്തിയിരിക്കുന്നു



ഉള്ളടക്കം: മ്സമ്രോനോ, കോറൂയോ, എവുപ്പദിയഖ്നോ, എന്നിവരുടെ പൊതുക്രമം, മ്സമ്രോനോ, കോറൂയോ, എവുപ്പദിയഖ്നോ, എന്നിവരുടെ പ്രത്യേക ക്രമങ്ങൾ, ശെമ്മാശന്മാരുടെയും കശീശമാരുടെയും പ്രത്യേക ക്രമങ്ങൾ, കോർ എപ്പിസ്കോപ്പമാരുടെയും ദയറാക്കാരുടെയും ക്രമങ്ങൾ, ദയറാക്കാരിലെ പ്രത്യേക വിഭാഗമായ ഗെൽദോയകാരുടെയും (തുകൽധാരി) ബസ്ക്യാമമാരുടെയും ക്രമങ്ങൾ, പള്ളികൂദാശയുടെയും, തൈലകൂദാശകളുടെയും ക്രമങ്ങൾ, ശെമ്മാശന്മാരുടെയും കശീശന്മാരുടെയും അമാലോഗിയ. എന്നിവ ഈ പുസ്തകത്തിൽ ഉൾപ്പെടുന്നു.

സാധാരണ ബസ്ക്യാമ എന്നാൽ ഉടമ്പടിയുടെ പുത്രി എന്നർത്ഥത്തിൽ ഒരു സന്യാസ വിഭാഗമാണെങ്കിലും ഇവിടെ വൈദികരുടെ ഭാര്യമാരുടെ മേൽ നടത്തുന്ന ശുശ്രൂഷയായിട്ടാണ്. ബസ്ക്യാമ ക്രമം കൊടുത്തിരിക്കുന്നത്. അവരെ കിരീടം ധരിപ്പിക്കുന്നതും മറ്റും ഈ ക്രമത്തിൽ കാണുന്നു. മലങ്കരയിൽ വൈദികരുടെ ഭാര്യമാരെ ബസ്ക്യാമ എന്നാണല്ലോ വിളിക്കുന്നത്. സന്യാസിനിമാരുടേയും അല്ലെങ്കിൽ ശെമ്മാശിനിമാരുടേയും ഒഴിവിലേക്ക് വൈദികനെ സഹായിക്കാനായി വൈദികരുടെ ഭാര്യമാരെ ബസ്ക്യാമയായി നിയമിക്കുകയും അവരുടെ മേൽ നടത്തുവാനുള്ള ശുശ്രൂഷയായിരിക്കാം ഈ ക്രമം.

**ചിത്രകല:** ഈ പുസ്തകത്തിൽ നിരവധി ചിത്രപണികൾ ചെയ്തിട്ടുണ്ട് ഒന്നാം പേജിൽ തന്നെ പൂക്കളാൽ മനോഹരമായി ഒരു അരിക് തീർത്തിരിക്കുന്നു. 34- ാം പേജിൽ രണ്ട് പച്ച തത്തകളും 56-ാം പേജിൽ റോസാപൂക്കളും





വരച്ചു ചേർത്തിട്ടുണ്ട്. 84-ാം പേജിൽ കോർ എപ്പിസ്കോപ്പയുടെ പട്ടംകൊട ആരംഭിക്കുന്നിടത്ത് രണ്ടു സിംഹങ്ങൾ ഒരു മുദ്രപിടിച്ച് നിൽക്കുന്നതും, 257 -ാം പേജിൽ ഈഗുപ്തായക്കാരൻ (ഈജിപ്റ്റ്) അന്തോണിയോസിന്റെ സന്യാസികൾക്കുള്ള ക്രമം, ഒരു ആനയെ നയിക്കുന്ന പാപ്പാന്റെ പടത്തിനാലും, ബസ്ക്യാമമാരുടെ ക്രമം ഒരു കുതിരയുടെ മുന്നിൽ ഇരിക്കുന്ന ഉയർന്ന പട്ടാള ഉദ്യോഗസ്ഥന്റെയും, കുതിരയുടെ പിന്നിൽ നിൽക്കുന്ന പട്ടാളക്കാരന്റെയും പടത്തിനാലും ആലേഖനം ചെയ്തിരിക്കുന്നു. 262 ാം പേജിൽ മാലാഖമാരും പൂക്കളും ഉൾപ്പെടെ എട്ടിലധികം ബഹുവർണ്ണ ചിത്രങ്ങൾ ഈ പുസ്തകത്തിൽ ചെർത്തിട്ടുണ്ട്. പള്ളി കൂദാശയുടെയും മറ്റും ഭാഗത്ത് ചിത്രപണികൾ കാണുന്നില്ല.

ഈ പടങ്ങൾ പരുമല തിരുമേനി തന്നെ വരച്ചതാണോ അതോ വരപ്പിച്ചതാണോ എന്നു കൃത്യമായി പറയാൻ സാധ്യമല്ല. പക്ഷേ കോളോഫോണിൽ തിരുമേനി തന്നയാണ് ഈ പുസ്തകം മുഴുവൻ പകർത്തിയിരിക്കുന്നത് എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ വേറെ ഒരാളായിരുന്നുവെങ്കിൽ അത് പറയാനും പറയാതിരിക്കാനും സാധ്യതയുണ്ട്. പക്ഷേ പടവും എഴുത്തുകളും അടുത്തടുത്തായി സ്ഥിതിചെയ്യുന്നതിനാലും തിരുമേനിയുടെ കൈപ്പട വളരെ മനോഹരമായിരിക്കുന്നതിനാലും പരി. തിരുമേനി ഒരു ചിത്രകാരാനായിരിക്കാനുള്ള സാധ്യതയുമുണ്ട്. പക്ഷേ കൂടുതൽ പഠിച്ചെങ്കിൽ മാത്രമേ ഇതിനെക്കുറിച്ച് ആധികാരികമായി പറയാൻ സാധിക്കൂകയുള്ളൂ.

1875-ൽ അന്തോഖ്യയിൽ നിന്നു മലങ്കരയിലേക്ക് വന്ന ഇഗ്നാത്തിയോസ് പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് കൊണ്ടുവന്ന പുസ്തകത്തിൽ നിന്നും മുളംന്തുരുത്തി സ്വദേശിയായ



നിരണം ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഗ്രിഗോറിയോസ് അതുപോലെ തന്നെ പകർത്തിയെടുത്തു. പരുമല സെമിനാരിയിൽ വെച്ച് 1881 ജൂലൈ 24-ാം തിയ്യതി ഈ പുസ്തകം പൂർത്തിയാക്കി എന്ന് 255-ാം പേജിലെ കോളോഫോണിൽ (പുസ്തകവിവരം) രേഖപ്പെടുത്തിയിട്ടുണ്ട്. 1875 ൽ വന്ന പാത്രിയർക്കീസ് 1876 ൽ തിരിച്ചുപോയതിനാൽ തന്റെ പുസ്തകം ഇവിടെ ഏൽപ്പിച്ചു പോയതാണോ അതോ 1875 ൽ തന്നെ ഒരു റഫ്ബുക്ക് എഴുതിയശേഷം അത് പിന്നീട് ഭംഗിയായി പകർത്തിയതാണോ എന്ന് അനുമാനിക്കാം

**2. പട്ടംകൊട പുസ്തകം**

പരിശുദ്ധ പരുമല തിരുമേനി ഉപയോഗിച്ചിരുന്നതും പിന്നീട് തന്റെ ശിഷ്യനായിരുന്ന വട്ടശ്ശേരി തിരുമേനിയും അതിനു ശേഷം ബഥനിയിലെ അലക്സിയോസ് മാർ തേവോദോസിയോസ് ഒഐസി തിരുമേനിയും ഈ പുസ്തകം ഉപയോഗിച്ചിരുന്നു. പട്ടംകൊട പുസ്തകത്തിലെ അവസാന 40 പേജുകളിലായി പരുമല തിരുമേനി നൽകിയ പട്ടംകൊടകളുടെ ഒപ്പും വിവരങ്ങളും അടുത്ത 40 പേജുകളിലായി വട്ടശ്ശേരി തിരുമേനി നൽകിയ പട്ടം കൊടകളുടെ ഒപ്പും വിവരങ്ങളും അടുത്ത 4 പേജുകളിലായി ബഥനി തിരുമേനി നൽകിയ പട്ടം കൊടകളുടെ ഒപ്പും വിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ഈ മൂന്നു പിതാക്കന്മാരും പട്ടംകൊടുത്ത വിവരങ്ങൾ മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഈ പുസ്തകം മനോഹരമായ കൈയ്യക്ഷരത്തോടു കൂടിയതും രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതുമാണ്. ചുവപ്പുനിറം തലക്കെട്ടുകൾക്കും നടപടിക്രമങ്ങൾക്കും കറുപ്പുനിറം സാധാരണ എഴുത്തുകൾക്കുമായി ഉപയോഗിച്ചിരിക്കുന്നു. ഒരേ കൈയ്യക്ഷര വലുപ്പത്തിൽ ഒരു പേജിൽ 22 വരികൾ വീതമുള്ള 122 പേജുകളിലായി ഈ പുസ്തകം പകർത്തിയിരിക്കുന്നു

**ഉള്ളടക്കം:** ഈ പുസ്തകത്തിലെ ആദ്യ 7 പേജുകളിലായി പള്ളിയുടെ കല്ലിടൽ ശുശ്രൂഷയും പിന്നീട് 8-ാം പേജു മുതൽ പട്ടം കൊടക്രമവുമാണ്. മ്സമ്രോനോ, കോറൂയോ, എവുപ്പദിയക്നോ എന്നിവരുടെ പൊതുക്രമം, മ്സമ്രോനോ, കോറൂയോ, എവുപ്പദിയക്നോ എന്നിവരുടെ പ്രത്യേക ക്രമങ്ങൾ. അതിനുശേഷം അമാലോഗിയായും, പിന്നീട് ശെമ്മാശന്മാരുടെയും അർക്കദിയാക്കോന്റെയും കശീശമാരുടെയും പ്രത്യേക ക്രമങ്ങൾ പിന്നീട് കോർ എപ്പിസ്കോപ്പമാരുടെയും ദയറാക്കാരുടെയും ദയറാക്കാരികളുടെയും ക്രമങ്ങളും ദയറാക്കാരിലെ പ്രത്യേക വിഭാഗങ്ങളായ ഗെൽദോയകാരുടെയും (തുകൽധാരി) ക്രമങ്ങൾ എഴുതിയിരിക്കുന്നു. പിന്നീട് 4 പേജുകളിലായി റ്ശോം കാസോയുടെ ക്രമവും എഴുതി പൂർത്തീകരിച്ചിരിക്കുന്നു.

**3. പട്ടംകൊട പുസ്തകം**

പരിശുദ്ധ പരുമല തിരുമേനി ഉപയോഗിച്ചിരുന്ന മേൽപട്ടസ്ഥാനാരോഹണ പുസ്തകം. 1899 ജനുവരി 29-നു എഴുതി പൂർത്തിയാക്കിയ ഈ പുസ്തകം രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതും ചുവപ്പുനിറം തലക്കെട്ടുകൾക്കും കറുപ്പുനിറം സാധാരണ എഴുത്തുകൾക്കുമായി ഉപയോഗിച്ചിരിക്കുന്നു. ഒരേ വലുപ്പത്തിൽ ഒരു പേജിൽ 21 വരികൾ വീതം ഈ പുസ്തകം പകർത്തിയിരിക്കുന്നു.

**ഉള്ളടക്കം:** ആദ്യ ഏഴു പേജുകൾ മെത്രാപ്പോലീത്ത, എപ്പിസ്കോപ്പ എന്നിവരുടെ ശൽമൂസകളും റീശ് കഹനൂസ (മേൽപട്ട സ്ഥാനാരോഹണം) സുന്ത്രോണീസൊ, ബസ്ക്യാമമാരുടെ പട്ടംകൊട, പള്ളികൂദാശ, തൈലകൂദാശ എന്നിവ പകർത്തിയെഴുതിയിരിക്കുന്നു.



#### 4. വേദവായനപുസ്തകം

ഗ്രീക്ക് വർഷം 1915 (1595 AD) ശീമനാട്ടിലെ യൂഫ്രട്ടീസ് നദിക്കടുത്തുള്ള അബുഗാലേബ് ദയറായിലെ ഗ്രിഗോറിയോസ് എന്നയാൾ എഴുതിയ ഒരു പുസ്തകത്തിൽ നിന്ന് കോനാട്ട് മത്തായി മൽപാന്റെ അപേക്ഷപ്രകാരം നിരണം ഭദ്രാസന മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഗ്രിഗോറിയോസ് ഈ വേദവായന പുസ്തകം 1894-ൽ പകർത്തിയെടുത്ത് കോനാട്ട് പാഠശാലയക്ക് നൽകി. ഈ പുസ്തകം ഇന്നും കോനാട്ട് ഗ്രന്ഥശാലയിൽ 213-ാംനമ്പറായി സൂക്ഷിച്ചിരിക്കുന്നു.

**ഉള്ളടക്കം:** ആദ്യ 36 പേജുകളിലായി മാറാനായ സുറിയാനിയിൽ വേദവായനക്കുറിപ്പും 38-ാം പേജു മുതൽ 335 വരെ പെരുന്നാളുകൾക്കായി വായിക്കുന്ന ക്രമത്തിൽ ഏവൻഗേലിയോൻ: കൂദോശ് ഈത്തോ ഞായർ സന്ധ്യ; പേജ് നമ്പർ 1 മുതൽ എഴുതി തുടങ്ങുന്നു. സന്ധ്യയുടേത്; വി. മത്തായിയുടേതും, പ്രഭാതം; വി. യൂഹാനോന്റേതും, വി.കുർബ്ബാന; വി.മർക്കോസിന്റേതുമായി ഓരോ വായനകൾക്കും ക്രമനമ്പർ ഇട്ട് 351 വായനകൾ രേഖപ്പെടുത്തിയിരിക്കുന്നു. 334-335 പേജുകളിലായി പുസ്തകം എഴുതിയ വിവരവും (കോളോഫോൺ) അവസാന രണ്ടു പേജുകളിലായി കഷ്ടാനുഭവാഴ്ച വായനയ്ക്ക് മുമ്പുള്ള അഭിവാദ്യങ്ങൾ സുറിയാനിയിലും മലയാളത്തിലുമായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരേ കൈയ്യക്ഷര വലുപ്പത്തിൽ ഒരു പേജിൽ 19 വരികൾ വീതമാണ് എഴുതിയിരിക്കുന്നത്. അടുത്ത പേജിലെ ആദ്യവാക്ക് മുന്നിലെ പേജിന്റെ താഴെയായി എഴുതുന്നു. പേജുകളുടെ ക്രമം തെറ്റാതിരിക്കാനും മനസിലാക്കാനുമായിട്ടാണ് ഇങ്ങനെ എഴുതുന്നത്. ഇതിനെ Catch എന്ന് പറയുന്നു.

**ചിത്രകല:** വളരെ മനോഹരമായ കൈയ്യക്ഷരത്തോടു കൂടിയതും രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതുമാണ്. ചുവപ്പുനിറം തലക്കെട്ടുകൾക്കും കറുപ്പുനിറം സാധാരണ എഴുത്തുകൾക്കുമായി ഉപയോഗിച്ചിരിക്കുന്നു. ആദ്യ പേജിൽ 3 വശവും ചുറ്റപ്പെട്ട ഒരു ബോർഡർ വരച്ചിട്ടുണ്ട് അതിൽ മുകൾ വശത്ത് 2 മാലാഖമാരും ഇടതും വലതും വശങ്ങളിലുള്ള ഭാഗത്ത് നാല് ഏവൻഗേലിസ്ഥന്മാരുടെ ചിഹ്നങ്ങളായ മനുഷ്യൻ, (മത്തായി) സിംഹം, (മർക്കോസ്) കാള, (ലൂക്കോസ്) കഴുകൻ, (യോഹന്നാൻ) എന്നീ പടങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

#### 5. ഹൂദായ കാനോൻ

പരിശുദ്ധ പരുമല തിരുമേനി പകർത്തി എഴുതിയ ഗ്രിഗോറിയോസ് ബാർഎബ്രായയുടെ ഹൂദായ കാനോൻ പുസ്തകമാണ്. 40 അദ്ധ്യായങ്ങളുള്ള ഈ കാനോൻ പുസ്തകത്തിന്റെ ആദ്യ 10 അദ്ധ്യായങ്ങൾ മാത്രമാണ് ഈ പുസ്തകത്തിലുള്ളത്. ആദ്യ രണ്ടു പേജുകളിലായി 40 അദ്ധ്യായങ്ങളുടെ തലക്കെട്ടുകൾ എഴുതിയിട്ടുണ്ട്. സഭയിൽ ദീർഘകാലം നീണ്ടുനിന്നകേസുകളുടെ കാലത്ത് കാനോൻ വാദത്തിനായി കോടതിയിൽ സമർപ്പിക്കപ്പെട്ടിരുന്നത് ഈ പുസ്തകമായിരുന്നു. അതിനാൽ ഇതിന്റെ പേജുകളിലും മാർജിനിലുമായി നിരവധി കോടതി നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

1878 ആഗസ്റ്റ് മാസം 8-ാം തിയ്യതി പരുമല സെമിനാരിയിൽ വച്ച് ഇതു പൂർത്തീകരിച്ചു. ഈ പുസ്തകം വളരെ മനോഹരമായ കൈയ്യക്ഷരത്തോടു കൂടിയതും രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതുമാണ്. ചുവപ്പുനിറം തലക്കെട്ടുകൾക്കും കറുപ്പുനിറം സാധാരണ എഴുത്തുകൾക്കുമായി ഉപയോഗിച്ചിരിക്കുന്നു. ഒരേ കൈയ്യക്ഷര വലുപ്പത്തിൽ ഒരു പേജിൽ 22 വരികൾ

വീതമുള്ള 288 പേജുകളിലായി ഈ പുസ്തകം പകർത്തിയിരിക്കുന്നു. പിന്നീട് 44 പേജുകളിലായി ആദ്യ 11 അദ്ധ്യായങ്ങളിലെ കഠിനപദങ്ങളുടെ അർത്ഥവ്യാഖ്യാനം കർശോനി ലിപിയിലും (സുറിയാനി മലയാളം) രേഖപ്പെടുത്തിയിരിക്കുന്നു.

**6. വി. കുർബ്ബാന തക്സ**

കോനാട്ട് മത്തായി (മാത്തൻ) മൽപ്പാനും അദ്ദേഹത്തിന്റെ സുഹൃത്ത് നടമേൽ പള്ളിക്കാരനായ കളരിക്കൽ സ്കറിയ കശീശായും ചേർന്ന് 1899 മുതൽ പകർത്തി തുടങ്ങിയ കുർബ്ബാന തക്സ. ഈ പുസ്തകം മുഴുവൻ ഒത്തുനോക്കി ക്രമപ്പെടുത്തിയത് 1902 ൽ കുറുപ്പുംപടി പള്ളിയിൽ വച്ച് പരുമല തിരുമേനിയായിരുന്നു എന്ന് അവസാന പേജിൽ രേഖപ്പെടുത്തുകയും തിരുമേനി തന്റെ മുദ്ര പതിപ്പിക്കുകയും ചെയ്തിരിക്കുന്നു.

**ഉള്ളടക്കം:** യാക്കോബിന്റെ അന്നാഫുറാ, ദിവന്നാസ്യോസ് ബർസ്ലീബി, മത്തായി റോയോ, മാർ ക്സൊസ്തോസ്, മാർ ഇഗ്നാത്തിയോസ് നൂറോനോ, മൂശേ ബർകീഫോ തുടങ്ങിയ കുർബ്ബാന തക്സാകൾ.

**7. മെമ്രാ പുസ്തകം**

പ.പരുമല തിരുമേനി, പ. ഇഗ്നാത്തിയോസ് പത്രോസ് പാത്രിയർക്കീസിന്റെ കൈയ്യിൽ ഉണ്ടായിരുന്ന ഈ പുസ്തകം 1883 ആഗസ്റ്റ് മാസം 12-ാം തിയ്യതി പരുമല വച്ച് എഴുതി പൂർത്തിയാക്കി. വളരെ മനോഹരമായ കൈയ്യക്ഷരത്തോടു കൂടിയതും രണ്ട് തരം മഷികളാൽ എഴുതപ്പെട്ടതുമാണ്. ഒരു പേജിൽ 19 വരികൾ വീതമുള്ള 500 പേജുകളിലായി ഈ പുസ്തകം പകർത്തിയിരിക്കുന്നു.

**8. ഊർശ്ലേം യാത്രാവിവരണം**

"*മാർ ഗ്രിഗോറിയോസ് മെത്രാപോലീത്തായുടെ ഊർശ്ലേം യാത്രാ ഡയറി 1895* " എന്ന് എഴുതിയിരിക്കുന്ന 136 പേജുകളുള്ള മലയാളത്തിലുള്ള ഈ കൈയ്യെഴുത്തു പ്രതി അതേ വർഷം തന്നെ അച്ചടിക്കപ്പെട്ടു. പ്രസ്തുത ഡയറിയുടെ ആദ്യ പേജിൽ തന്നെ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന യാഹ് എന്ന മുദ്ര കൊടുത്തിരിക്കുന്നു. സുറിയാനി ഭാഷയിലെ യൂദ് ഹേ എന്ന അക്ഷരങ്ങൾ എഴുതി അതിനു മുകളിൽ 3 കുത്തുകൾ ഇടുന്നു. കത്തുകളുടെ ആരംഭത്തിൽ കുരിശു വയ്ക്കുന്നതിനു പകരമാണ് ഈ ചിഹ്നം ഉപയോഗിക്കുന്നത്

**9. കൽപനാ പുസ്തകം**

മേൽപട്ടക്കാർ അവർ എഴുതുന്ന കൽപനകളെല്ലാം ഒന്നുകിൽ കോപ്പിയെടുത്ത് സൂക്ഷിക്കുകയോ അല്ലെങ്കിൽ ഒരു പകർപ്പോ അല്ലെങ്കിൽ അതിന്റെ നക്കലോ ഒരു പുസ്തകത്തിൽ എഴുതി സൂക്ഷിക്കുമായിരുന്നു. പ.പരുമല തിരുമേനിയുടെ കാലത്ത് ഇവ പകർത്തി സൂക്ഷിക്കുമായിരുന്നു. പരി. തിരുമേനിയുടെ ജീവിതകാലത്തെ കൽപനാ പുസ്തകങ്ങൾ 2 എണ്ണം മാത്രമേ കണ്ടെടുത്തിട്ടുള്ളൂ ഒന്നാമത്തേത് ദേവലോകത്ത് സൂക്ഷിച്ചിരുന്ന 1897-ലെ 203 പേജുകളുള്ള ഒരു നോട്ടു പുസ്തകവും രണ്ടാമത്തേത് തുമ്പമൺ കത്തീഡ്രൽ പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന 1895-ലെ കൽപനാ പുസ്തകവും ആകുന്നു. 1876 മുതൽ തിരുമേനി കാലം ചെയ്തതു വരെയുള്ള കാലഘട്ടത്തിലെ കൽപനാ പുസ്തകങ്ങൾ ഇനിയും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇതു വരെ കണ്ടെടുത്തവ എല്ലാം ഡോ. സാമുവേൽ ചന്ദനപ്പള്ളിയും ജോയ്സ് തോട്ടയ്ക്കാടും പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# കെട്ടുതേങ്ങായും പിടിയരിയും



ഫാ. തോമസ് പി. മുകളിൽ

**പേ**ടിസ്വപ്നമുള്ള ഒരു ചരിത്രവും ഭീകരമായ ഒരു മുഖമായിരുന്നു പരുമല ദ്വീപിന് അന്ന്.

കടമറ്റത്തച്ചൻ യക്ഷിയെ ബന്ധിച്ച ഐതിഹ്യമുള്ള പനയന്നാർക്കാവും അവിടവിടെയൊക്കെ വിലസിയ തസ്കര സംഘങ്ങളും ആരേയും വഴി നടക്കാൻ പോലും അനുവദിക്കാതിരുന്ന കാലം.

ശെമ്മാശ്ശന്മാരെ പഠിപ്പിക്കുന്നതിനും മറ്റുമായി തെക്കൻ പ്രദേശത്ത് ഒരു പൊതു സ്ഥാപനം ഉണ്ടാക്കണമെന്ന മലങ്കര മെത്രാപ്പോലീത്തായുടെ ആഗ്രഹത്തെപ്രതി, അരികുപുറത്ത് കോരുളമാത്തൻ എന്ന നസ്രാണി പ്രമാണി 30 ദണ്ഡ് സമചതുരസ്ഥലം തീറാധാരമായി എഴുതിക്കൊടുത്തു. ദാനമായി ലഭിച്ച സ്ഥലത്ത് മെത്രാപ്പോലീത്താ 'അഴിപ്പുര' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു ചെറിയ കെട്ടിടം പണിയിച്ചു. അഴിപ്പുരയിൽ ശെമ്മാശ്ശന്മാരുടെ പഠിത്തം ചാലപ്പുറത്തു യാക്കോബ് കത്തനാരുടെ ചുമതലയിൽ ആരംഭിച്ചു.

കൊച്ചുതിരുമേനി നിരണം മെത്രാപ്പോലീത്തായായി സ്ഥാനമേറ്റു വന്നപ്പോൾ തിരുമേനിക്കു താമസിക്കാൻ വലിയ തിരുമേനി (മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ) ഈ അഴിപ്പുര വിട്ടുകൊടുത്തു. കൊച്ചുതിരുമേനി അവിടെ താമസിച്ചുകൊണ്ട് ശെമ്മാശ്ശന്മാരെ പഠിപ്പിക്കുകയും ഭദ്രാസനകാര്യങ്ങൾ നടത്തുകയും ചെയ്തു.

മെത്രാപ്പോലീത്തായയി പരുമല താമസിക്കുമ്പോഴും വെട്ടിക്കൽ താമസകാലത്തെപ്പോലെ തന്നെ വ്രതാനുഷ്ഠാനങ്ങൾ അഭംഗമായി തുടർന്നുവന്നു. അഴിപ്പുര താമസകാലത്ത് കൊച്ചുതിരുമേനിയുടെ ദിനചര്യ ഏതാണ്ടു ഇപ്രകാരമായിരുന്നു. രാവിലെ 4 മണിക്ക് എഴുന്നേൽക്കും. ശെമ്മാശ്ശന്മാരും ആ സമയത്തുതന്നെ എഴുന്നേൽക്കണം. 5 മണിവരെ പ്രാത്ഥനയാണ്. 5 മുതൽ 7 മണി വരെ തിരുമേനി ശെമ്മാശ്ശന്മാരെ പഠിപ്പിക്കും. പിന്നീട് രഹസ്യപ്രാർത്ഥനയും ഉപവാസമില്ലാത്ത ദിവസങ്ങളിൽ രാവിലെയുള്ള ഭക്ഷണവും. ഭക്ഷണം മിക്കവാറും കഞ്ഞിയോടൊപ്പം പയറോ പുഴുക്കോ ആയിരിക്കും. 9 മണിക്കുള്ള (ഏഴരയുടെ) നമസ്കാരത്തിനുശേഷം 11 വരെ വീണ്ടും തിരുമേനി ശെമ്മാശ്ശന്മാരെ പഠിപ്പിക്കും. 11 മണിക്കുശേഷം തിരുമേനി ഭദ്രാസനത്തിന്റെ ഭരണകാര്യങ്ങളിൽ ഏർപ്പെടും. 12 മണിക്ക് ഉച്ചനമസ്കാരത്തിനും ഭക്ഷണത്തിനും ശേഷം 1.30 വരെ വിശ്രമിക്കും. 1.30 നു ശേഷം 4 മണിവരെ വീണ്ടും ശെമ്മാശ്ശന്മാർക്ക് ക്ലാസ്സെടുക്കും. ഇതിനിടയിൽ ഇരുപത്തിരണ്ടരയുടെ നമസ്കാരം തിരു

മേനി തനിച്ചു നടത്തും. 4 മണി കഴിഞ്ഞാൽ തിരുമേനി വീണ്ടും ഇടവക ഭരണകാര്യങ്ങളിൽ പ്രവേശിക്കുകയായി. 5.30 ന് സന്ധ്യനമസ്ക്കാരത്തിനുശേഷം തിരുമേനി മുറ്റത്തു ഒരു കസേരയിലിരിക്കും. ശെമ്മാശ്ശന്മാർ വിളക്കുകളുടെ ചുറ്റും പുസ്തകങ്ങളുമായി മണലിൽ ഇരിക്കും. അപ്പോഴാണ് തിരുമേനി ശെമ്മാശ്ശന്മാരെ സുറിയാനി ഗീതങ്ങൾ പഠിപ്പിക്കുന്നത്. സുറിയാനി ഗീതങ്ങൾ കർണ്ണാനന്ദകരമായി ചൊല്ലുന്നതിനുള്ള കഴിവ് തിരുമേനിക്കുണ്ടായിരുന്നു. ശെമ്മാശ്ശന്മാരാരും പഠിത്തത്തിൽ ഉഴപ്പാൻ തിരുമേനി അനുവദിച്ചിരുന്നില്ല. ഉഴപ്പന്മാക്ക് ചൂരലുകൊണ്ടുള്ള നല്ല അടിയും കിട്ടുമായിരുന്നു. കഴിഞ്ഞ തലമുറയിലെ പ്രശസ്തരായ വൈദിക ശ്രേഷ്ഠന്മാർ പലരും തിരുമേനിയുടെ അന്തേവാസികളായി അഴിപ്പുരയിൽ പഠിച്ചിട്ടുള്ളവരാണ്. വട്ടശ്ശേരിൽ മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ, കോനാട്ട് മാത്തൻ മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, പുതക്കുഴിയിൽ ഏബ്രാഹാം അച്ചൻ, കോടിയാട്ട് കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ, പയ്യമ്പള്ളിൽ ദാവീദച്ചൻ, പനയ്ക്കാമറ്റത്ത് അബ്രഹാം അച്ചൻ, കിഴക്കേത്തലയ്ക്കൽ തോമ്മസച്ചൻ, കൊറ്റാത്തുവിള ഗീവറുഗീസച്ചൻ, പുളിക്കപ്പറമ്പിൽ പുന്നൂസച്ചൻ പറങ്കിമാംമൂട്ടിൽ യോഹന്നാനച്ചൻ എന്നിവർ തിരുമേനിയുടെ ശിഷ്യഗണത്തിൽ പെട്ടിരുന്നു.

പരുമല സിമ്മനാരിക്കു അക്കാലത്ത് പ്രത്യേകമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. സമീപ ഇടവകകളിൽ നിന്നും കെട്ടുതേങ്ങായും പിടിയരിയും പിരിച്ചായിരുന്നു സിമ്മനാരിയിലെ നിത്യച്ചെലവു നടത്തിവന്നത്. പിറ്റേ ദിവസത്തെ ഭക്ഷണത്തിനു യാതൊന്നുമില്ലാതിരുന്ന അനേക സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും തിരുമേനി ദൈവത്തിൽ പ്രത്യാശ വെച്ചുകൊണ്ട് അചഞ്ചലനായി നിലകൊണ്ടിട്ടുണ്ട്. പല സന്ദർഭങ്ങളിലും അത്ഭുതകരമായ രീതിയിൽ സിമ്മനാരിയിലെ ആവശ്യങ്ങൾ നിറവേററപ്പെട്ടിരുന്നു.

മലങ്കര സഭയിൽ നവീകരണ വാദികൾ കൊണ്ടു പിടിച്ചു പ്രവർത്തിക്കുന്ന കാലം കൂടിയായിരുന്നു. നവീകരണവാദി മാത്യൂസ് മോർ അത്താനാസിയോസിന്റെ കൈവശമാണ് പഴയ സെമിനാരി. അപൂർവ്വം ചില മൽപ്പാൻ പാഠശാലകൾ ഒഴികെ മലങ്കരയിൽ വൈദിക അഭ്യസനത്തിന് മറ്റൊരിടം ഇല്ലായിരുന്നു. മാർത്തോമാശ്ലീഹായുടെ പൈതൃകത്തിൽ അടിയുറച്ച് നൂറ്റാണ്ടുകളായി നിലനിന്ന ഈ സഭയ്ക്ക് പോർട്ടുഗീസുകാരുടെ വരവോടെ മാരകമായ വിഭാഗീയക്ഷതം ഉണ്ടായി. ശേഷം ആംഗ്ലിക്കൺകാരുടെ വരവോടെ വ്യവഹാരങ്ങളുടെ വ്യാഴവട്ടങ്ങൾക്ക് തുടക്കവുമായി. ഇതിനെയൊക്കെ അതിജീവിച്ച കുളിർമ, ഈ ഗുരുശിഷ്യ ബന്ധത്തിന്റെ ആത്മീയ തെളിനീരുകളിലൂടെയായിരുന്നു.

മലങ്കര മെത്രാപ്പോലീത്ത മാർ ദീവന്നാസിയോസും പരുമല കൊച്ചു തിരുമേനിയുമായുള്ള ആത്മബന്ധം അവാച്യമായിരുന്നു. പരുമല തിരുമേനിക്ക് വസൂരി രോഗം ബാധിച്ചപ്പോൾ 40 ദിവസം പരുമല സിമ്മനാരിയിൽ അദ്ദേഹത്തെ ശുശ്രൂഷിക്കാനായി മലങ്കര മെത്രാപ്പോലീത്ത അവിടെ ഉണ്ടായിരുന്നു. 40 ദിന ചികിത്സകൾക്ക് ശേഷം രണ്ടു മൂന്ന് കുളികൾ കഴിഞ്ഞ് സൗഖ്യം ഉറപ്പുവരുത്തിയ ശേഷമാണ് താൻ പിൻവാങ്ങിയത്. മറിച്ചും മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഒരു അടിയന്തര ആവശ്യമുണ്ടായാൽ കൊച്ചു തിരുമേനി അവിടെ ഓടിയെത്തുയിരുന്നു. ഒരിക്കൽ ഒരു കോടതിവിധിയുടെ ദിവസം വലിയ തിരുമേനിക്ക് വയ്യാഴികയാണെന്ന് അറിഞ്ഞ് തലേരാത്രി അത്താഴം കഴിച്ച ശേഷം ഒറ്റ രാത്രികൊണ്ട് കൊച്ചു തിരുമേനി തിരുവനന്തപുരത്ത് എത്തിയ ചരിത്രമുണ്ട്. ജലഗതാഗതത്തിന്റെ പരിമിതികളിൽ രാവെളുക്കെ കൊച്ചു തിരുമേനി ഓടിയെത്തിയത് തികഞ്ഞ ഗുരുഭക്തിയുടെ ദൃഷ്ടാന്തമാണ്.

കൊച്ചു തിരുമേനിയുടെ ആകസ്മിക നിര്യാണം ഏറെ തളർത്തി കളഞ്ഞതും മലങ്കര മെത്രാപ്പോലീത്തായേ തന്നെയായിരുന്നു. ശാന്തഗംഭീരനായി അംശ വസ്ത്രങ്ങൾ ധരിപ്പിച്ച് സിംഹാസനത്തിൽ ഇരുത്തിയ ആ ഭൗതികദേഹം ഒരു പ്രാവശ്യം നോക്കിയതേയുള്ളൂ... കഠിനമായ വിഷാദം ബാധിച്ച് വലിയ തിരുമേനി മുറിയിൽ വിലാപത്തോടെ ഇരിക്കുകയായിരുന്നു. പിന്നീടുള്ള കബറടക്ക സമയമത്രയും എന്നും വായിക്കുന്നു.

# യുവത്വം യുവാക്കൾക്കായി പാഴാക്കുന്നില്ല





ദീപക് ചാത്തുരുത്തിൽ
ഏലിയാസ്

**ഞ**ങ്ങളുടെ കുടുംബത്തിൽ, ദൈനംദിന ജീവിതത്തിലെ ഏതെങ്കിലും പ്രധാനപ്പെട്ട ദൗത്യം ഏറ്റെടുക്കുന്നതിന് മുമ്പ് ഞങ്ങൾ സാധാരണയായി "കൊച്ചുപ്പാപ്പൻ" കീഴടങ്ങുന്നു. ഞാനും അതുതന്നെ ചെയ്യട്ടെ. (പരുമല തിരുമേനിയെ ഞങ്ങളുടെ കുടുംബാംഗങ്ങൾ സ്നേഹപൂർവ്വം ഈ പേരിൽ വിളിക്കുന്നു) "യുവത്വം യുവാക്കൾക്കായി പാഴാക്കുന്നു" (Youth is wasted on the Young") എന്നാണ് സാധാരണയായി പറയാറുള്ളത്. ഇതിനർത്ഥം യുവാക്കൾക്ക് പലപ്പോഴും അവരുടെ ഉയർന്ന ശാരീരിക ആരോഗ്യം, അതിരുകളില്ലാത്ത ഊർജ്ജം, അവസരങ്ങൾ എന്നിവ പൂർണ്ണമായി വിലമതിക്കാനോ പ്രയോജനപ്പെടുത്താനോ ഉള്ള ജ്ഞാനവും കാഴ്ചപ്പാടും ഇല്ല എന്നാണ്. ഈ തലമുറയിലെ യുവാക്കൾക്ക് പലപ്പോഴും നൽകപ്പെടുന്നതിനേക്കാൾ കൂടുതൽ അംഗീകാരം അർഹിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

പല അവസരങ്ങളിലും, അവരുമായുള്ള എന്റെ ഇടപെടലുകളിൽ അവരുടെ ചിന്തയുടെയും ആസൂത്രണത്തിന്റെയും വ്യക്തത എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പലരും മെച്ചപ്പെട്ട ജീവിതം സമ്പാദിക്കാനുള്ള സ്വന്തം വഴികൾ കണ്ടെത്തിയിട്ടുണ്ട്. വിദേശ വിദ്യാഭ്യാസത്തിലൂടെയോ, കുടിയേറ്റത്തിലൂടെയോ, You Tube സ്വാധീനകരാകുന്നതിലൂടെയോ, ഓഹരികളിലെ ആദ്യകാല നിക്ഷേപത്തിലൂടെയോ ആകട്ടെ, എത്രയും വേഗം സമ്പത്ത് സൃഷ്ടിക്കൽ ഉറപ്പാക്കാൻ അവർ ആഗ്രഹിക്കുന്നു. എന്നാൽ ആധുനിക ജീവിതത്തിന്റെ തിരക്കിൽ, You Tube ഷോർട്ട്സുകളും ഇൻസ്റ്റാഗ്രാം റീലുകളും ശക്തിപ്പെടുത്തിയ അബോധാവസ്ഥയിലുള്ള പക്ഷപാതങ്ങൾക്കൊപ്പം, തീരുമാനമെടുക്കൽ പലപ്പോഴും വികലമാകാം.

യുവാക്കൾ സമ്പത്ത് സൃഷ്ടിക്കുന്നതിലേക്ക് സ്വീകരിക്കുന്ന പാതയെക്കുറിച്ച് ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഓർമ്മിക്കേണ്ടതാണെങ്കിലും, അവർ പലപ്പോഴും അവഗണിക്കുന്ന ഒരു കാര്യം, ഒരാളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി പരമാവധി ചെലവഴിക്കുന്നതിനൊപ്പം സമ്പത്ത് സൃഷ്ടിക്കുന്നത് എങ്ങനെ പരമാവധിയാക്കാം എന്നതാണ്. ഭക്ഷണം, വസ്ത്രം, വീട് എന്നീ മൂന്ന് അവശ്യവസ്തുക്കൾ കാലങ്ങളായി മനുഷ്യന്റെ പരിശ്രമത്തെ നയിക്കുന്നു. എന്നാൽ കാലക്രമേണ, ഈ അടിസ്ഥാന ആവശ്യങ്ങളും അവശ്യവസ്തുക്കളും സുസ്ഥിരമല്ലാത്ത ഒന്നായി പരിണമിച്ചു - ഭക്ഷണം സംസ്കരിച്ച ഭക്ഷണമായും, വസ്ത്രം ഫാസ്റ്റ് ഫാഷനായും, വീട് വലിയ മാളികകളായും മാറിയിരിക്കുന്നു. ഈ മേഖലകളിൽ ലളിതവും വിവേകപൂർണ്ണവുമായ തിരഞ്ഞെടുപ്പുകളിലേക്ക് മടങ്ങുന്നത് ശാശ്വതമായ സമ്പാദ്യവും സുരക്ഷയും സൃഷ്ടിക്കാൻ സഹായിക്കും.

**ഭക്ഷണം**

കോവിഡ് - 19 പാൻഡെമിക് സമയത്ത് പലരും പൂന്തോട്ടപരിപാലനം, പ്രത്യേകിച്ച് അടുക്കളത്തോട്ടങ്ങൾ വീണ്ടും കണ്ടെത്തി, എന്നാൽ ജീവിതം സാധാരണ നിലയിലേക്ക് മടങ്ങിയപ്പോൾ ആ ശീലങ്ങൾ പലപ്പോഴും മങ്ങുകയും പുതിയ പച്ചക്കറികൾ വീണ്ടും സംസ്കരിച്ച ഭക്ഷണങ്ങളാൽ മാറ്റിസ്ഥാപിക്കപ്പെടുകയും ചെയ്തു. അൾട്രാ - പ്രോസസ് ചെയ്ത ഭക്ഷണങ്ങളുടെ ഉയർന്ന ഉപഭോഗം ഹൃദയ സംബന്ധമായ അസുഖങ്ങൾ, പൊണ്ണത്തടി, ടൈപ്പ് 2 പ്രമേഹം, മോശം മാനസികാരോഗ്യം, ഉറക്കം, അകാല മരണം എന്നിവയുൾപ്പെടെ നിരവധി ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പൂർണ്ണമായും സംസ്കരിച്ച ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുന്നത് രോഗസാധ്യത കുറയ് ക്കുകയും ഭാവിയിലെ മെഡിക്കൽ ചെലവുകൾ കുറയ്ക്കുകയും ചെയ്യുന്നു.

സ്വന്തമായി ഭക്ഷണം വളർത്തുന്നത് - ഒരു കലം തക്കാളിയോ കുറച്ച് വഴുതനങ്ങയോ പോലും - നേരിട്ടുള്ളതും നിലനിൽക്കുന്നതുമായ നേട്ടങ്ങൾ നൽകുന്നു. വീട്ടിൽ വളർത്തുന്ന ഉൽപ്പന്നങ്ങൾ കൂടുതൽ പുതുമയുള്ളതും പോഷകസമൃദ്ധവുമാണ്, പലപ്പോഴും ദോഷ

കരമായ കീടനാശിനികളിൽ നിന്ന് മുക്തവുമാണ്, കൂടാതെ കാലക്രമേണ പലചരക്ക് ബില്ലുകൾ അർത്ഥവത്തായി കുറയ്ക്കാനും കഴിയും. പൂന്തോട്ടപരിപാലനം എന്നത് ശാരീരികക്ഷമത വർദ്ധിപ്പിക്കുന്ന, സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കുന്ന, മാനസികാവസ്ഥ, ആത്മവിശ്വാസം, വൈജ്ഞാനിക പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്ന ശാരീരിക പ്രവർത്തനമാണ്.

പ്രായോഗിക നുറുങ്ങുകൾ: വേഗത്തിൽ വളരുന്ന, കുറഞ്ഞ പരിപാലനം ആവശ്യമുള്ള സസ്യങ്ങളിൽ നിന്ന് ആരംഭിക്കുക; സ്ഥലം പരിമിതമാണെങ്കിൽ പാത്രങ്ങളോ ഉയർത്തിയ ആലറളോ ഉപയോഗിക്കുക; മാലിന്യം കുറയ്ക്കുന്നതിനും മണ്ണിന്റെ ചെലവ് കുറയ്ക്കുന്നതിനും കമ്പോസ്റ്റ് അടുക്കള അവശിഷ്ടങ്ങൾ; വിഭവങ്ങൾ സംരക്ഷിക്കാൻ കാര്യക്ഷമമായി വെള്ളം നൽകുക. ഭക്ഷണം വളർത്തുന്നതിലെ ചെറുതും സ്ഥിരവുമായ ശ്രമങ്ങൾ ആരോഗ്യം, സാമ്പത്തിക ലാഭം, വൈകാരിക പ്രതിഫലങ്ങൾ എന്നിവ ആദ്യ വിളവെടുപ്പിനപ്പുറം സംയോജിപ്പിക്കുന്നു.

**വസ്ത്രങ്ങൾ**

ബ്രാൻഡുകൾ തിളക്കമുള്ളതും സ്റ്റൈലിഷുമായ വസ്ത്രങ്ങൾവാഗ്ദാനം ചെയ്യുമ്പോൾ, ലുക്കുകൾ തെറ്റിദ്ധരിപ്പിക്കുന്നതായിരിക്കാം. ഫാഷൻ വ്യവസായം ആഗോള കാർബൺ ഉദ്‌വമനത്തിന്റെ 10% ഉത്പാദിപ്പിക്കുന്നു, കൂടാതെ ജലത്തിന്റെ രണ്ടാമത്തെ വലിയ ഉപഭോക്താവുമാണ്. വ്യാവസായിക ജലമലിനീകരണത്തിന്റെ 20% ഡൈയിംഗ്, ഫിനിഷിംഗ് തുണിത്തരങ്ങൾക്ക് കാരണമാകുന്നു. ഓരോ വർഷവും ഏകദേശം 92 ദശലക്ഷം ടൺ തുണിത്തരങ്ങൾ വലിച്ചെറിയപ്പെടുന്നു, കൂടാതെ പല ഫാസ്റ്റ്- ഫാഷൻ ഇനങ്ങളും കുറച്ച് തവണ മാത്രമേ ധരിക്കപ്പെടുന്നുള്ളൂ. പോളിസ്റ്റർ പോലുള്ള സിന്തറ്റിക് നാരുകൾ കഴുകുമ്പോൾ മൈക്രോ പ്ലാസ്റ്റിക് പുറത്തുവിടുന്നു, ഇത് സമുദ്രങ്ങളെ മലിനമാക്കുകയും ഭക്ഷ്യ ശൃംഖകളിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

കാലാതീതവും ഈടുനിൽക്കുന്നതുമായ കുറഞ്ഞ, ഉയർന്ന നിലവാരമുള്ള വസ്തുക്കളിൽ നിക്ഷേപിക്കുന്നതിലൂടെ, നിങ്ങൾക്ക് പണം ലാഭിക്കാൻ കഴിയും. മിതവ്യയവും സെക്കൻഡ് ഹാൻഡ് ഷോപ്പിംഗും വഴി, നിങ്ങളുടെ വാലറ്റ് ലാഭിക്കുക മാത്രമല്ല, പ്രിയപ്പെട്ട വസ്ത്രങ്ങൾ പുതിയ ഉൽപാദനത്തിനുള്ള ആവശ്യം കുറയ്ക്കുകയും വസ്ത്രങ്ങൾ മാലിന്യക്കൂമ്പാരങ്ങളിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നു. വ്യക്തിപരമായി പറഞ്ഞാൽ, ജന്മദിനങ്ങളിൽ എനിക്ക് ഷർട്ട് അല്ലെങ്കിൽ ടീ- ഷർട്ട് പോലുള്ള സമ്മാനങ്ങൾ ലഭിക്കുമ്പോൾ, കഴിഞ്ഞ 5 വർഷമായി ഞാൻ ഒരു പുതിയ വസ്ത്രം വാങ്ങിയിട്ടില്ല.

**വീട്**

മിക്ക ആളുകളും ഒരു വീട് സ്വന്തമാക്കണമെന്ന് സ്വപ്നം കാണുന്നു. ഒരു വീട് സ്വന്തമാക്കുക എന്നത് സമ്പത്തിന്റെ പ്രദർശനമല്ല, അർത്ഥവത്തായ ഒരു ലക്ഷ്യമായി തുടരണം. ചെറുതും നന്നായി രൂപകൽപ്പന ചെയ്തതുമായ ഒരു വീട് അറ്റകുറ്റപ്പണികളും ആവർത്തിച്ചുള്ള ചെലവുകളും കുറയ്ക്കുകയും ഉൽപാദനപാദനപരമായ നിക്ഷേപങ്ങൾക്കുള്ള മൂലധനം സ്വതന്ത്രമാക്കുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ, ചതുരശ്ര അടി പലപ്പോഴും വരുമാനത്തോടൊപ്പം വർദ്ധിക്കുന്നു. കേരളത്തിലെ വലിയ മാൻഷനുകളെ അപേക്ഷിച്ച് ചെറുതും നന്നായി രൂപകൽപ്പന ചെയ്തതുമായ വീടുകൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഗണ്യമായി കുറവാണ്, കാരണം മിക്ക ആവർത്തിച്ചുള്ള ചെലവുകളും തറ വിസ്തീർണ്ണത്തിനനുസരിച്ച് വ്യത്യാസപ്പെടുന്നു. ഊർജ്ജ, യൂട്ടിലിറ്റി ബില്ലുകൾ ഉപയോഗയോഗ്യമായ സ്ഥലത്തിന് ഏകദേശം ആനുപാതികമാണ്, അതിനാൽ ഒരു ഒതുക്കമുള്ള വീട് സാധാരണയായി വളരെ കുറച്ച് ഊർജ്ജം മാത്രമേ ഉപയോഗിക്കുന്നുള്ളൂ, യൂട്ടിലിറ്റി ബില്ലുകൾ കുറയ്ക്കുന്നു. അറ്റകുറ്റപ്പണികൾ, വൃത്തിയാക്കൽ, നികുതി എന്നിവയും ചെറുതാണ്, ഇത് സമ്പാദ്യത്തിനോ നിക്ഷേപത്തിനോ പണം സ്വതന്ത്രമാക്കുന്നു. ചെറിയ വീടുകൾ ലളിതമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നു, കുറഞ്ഞ ഫർണിഷിംഗ് ആവശ്യമാണ്. മൊത്തത്തിൽ, ഈ ഇളവുകൾ വലിയ വീടുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പണമൊഴുക്ക് മെച്ചപ്പെടുത്തുന്നു, അപകടസാധ്യത കുറയ്ക്കുന്നു, സമ്പത്ത് കെട്ടിപ്പടുക്കുന്നതിനെ ത്വരിതപ്പെടുത്തുന്നു. ദീർഘകാലാടിസ്ഥാനത്തിൽ, വീടിന്റെ വലിപ്പമല്ല, വീട്ടിലെ കുടുംബമാണ് പ്രധാനം.

യുവാക്കൾക്ക് ഊർജ്ജം, സർഗ്ഗാത്മകത, ഇപ്പോൾ തന്നെ ജ്ഞാനപൂർവമായ തിരഞ്ഞെടുപ്പുകൾ നടത്താനുള്ള കഴിവ് എന്നിവയുണ്ട്. മുഴുവൻ ഭക്ഷണങ്ങൾ, ഈടുനിൽക്കുന്ന വസ്ത്രങ്ങൾ, ഒതുക്കമുള്ളതും കാര്യക്ഷമവുമായ വീടുകൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിലൂടെ, യുവാക്കൾക്ക് ചെലവ് കുറയ്ക്കാനും അപകടസാധ്യത കുറയ്ക്കാനും അർത്ഥവത്തായ നിക്ഷേപങ്ങൾക്കായി സ്വതന്ത്ര മൂലധനം നൽകാനും കഴിയും. ഈ ലളിതവും സുസ്ഥിരവുമായ ശീലങ്ങൾ ആരോഗ്യം മെച്ചപ്പെടുത്തുന്നു, ആവർത്തിച്ചുള്ള ചെലവുകൾ കുറയ്ക്കുന്നു, വളർച്ചയ്ക്കായി സമയവും പണവും സൃഷ്ടിക്കുന്നു.

ദൈനംദിന തീരുമാനങ്ങളിൽ നിയന്ത്രണവും ലക്ഷ്യബോധവും സ്വീകരിക്കുന്നത് യുവത്വത്തിന്റെ അഭിലാഷത്തെ ശാശ്വതമായ അഭിവൃദ്ധിയാക്കി മാറ്റുന്നു.



പരുമല പെരുന്നാളിനോടനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ
ആഭിമുഖ്യത്തിൽ അഴിപ്പുരയിൽ നടത്തപ്പെടുന്ന 168 മണിക്കൂർ അഖണ്ഡ പ്രാർത്ഥന
പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.




ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്രതല യുവജനവാരാഘോഷ ഉദ്ഘാടന
സമ്മേളനം ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ബഥേൽ
അരമനയിൽ സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കലയപുരം ആശ്രയ സങ്കേതത്തിൽ വച്ച്
നടന്ന അഖില മലങ്കര യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്രതല യുവജനവാര സമാപനം
ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു.




കൊല്ലം മെത്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഭാഗ്യസ്മരണാർഹനായ
അഭി. സഖറിയ മാർ അന്തോണിയോസ് തിരുമേനിയുടെ
രണ്ടാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച്
മെത്രാസനത്തിലെ 7 ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന അമൃതം പദ്ധതിയുടെ
ഉദ്ഘാടനം അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.

# സൺഡേ പാരീഷ് മിഷൻ



നിരണം ഭദ്രാസന യുവജനപ്രസ്ഥാനം ആരാധന, പഠനം, സേവനം എന്നിവയ്ക്ക് ഒരേ പ്രാധാന്യം നൽകിക്കൊണ്ട് ആവിഷ്കരിച്ച സൺഡേ പാരീഷ് മിഷൻ പ്രവർത്തനങ്ങൾക്ക് അഭി.ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവഹിച്ചു.

വിവിധ പ്രവർത്തനങ്ങളിലൂടെ ഇടവക തലങ്ങളിലേക്ക് ഇറങ്ങി കുട്ടികളെയും യുവജനങ്ങളെയും, വയോജനങ്ങളെയും ഒരുപോലെ ചേർത്തുനിർത്തുന്നതാണ് ഈ പദ്ധതി.

Awareness Classes

വിശുദ്ധ കുർബാനയ്ക്കു ശേഷം കൈമുത്തിന് മുമ്പായി അരമണിക്കൂർ ബോധവൽക്കരണ ക്ലാസ്.

DAWN (ഉദയം) Drive and Warnings to Narcotics

ലഹരി വിരുദ്ധ തെരുവുനാടകം /ഫ്ലാഷ് മോബ്, പോസ്റ്റർ പ്രദർശനം, സിഗ്നേച്ചർ ബോർഡ്, സൺഡേ സ്കൂളിൽ ഷോർട്ട് ഫിലിം പ്രദർശനം, ഗെയിംസ്, സൺഡേസ്കൂൾ കുട്ടികളുമായി ആശയവിനിമയം നടത്തുക.

നിണം – നിരണം

രക്തദാനത്തിന് സന്നദ്ധരായവരുടെ വിവര ശേഖരണം.

വയോ മിത്ര (Meet the Elders)

പ്രസ്തുത ഇടവകയിലെ രോഗികൾ ആയിട്ടുള്ളവരും പ്രായം ചെന്നവരും, ഒറ്റയ്ക്ക് താമസിക്കുന്നവരും ആയ വ്യക്തികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും. പ്രാർത്ഥിക്കുകയും, ഭാവിയിൽ എങ്കിലും തരത്തിൽ സഹായം ആവശ്യമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.

സെഗ്തോ

(സുവിശേഷ യോഗം, വിശ്വാസ പഠനം)

പ്രസ്തുത ദേവാലയത്തിൽ പ്രാർത്ഥന യോഗങ്ങൾ സംയുക്തമായി നാലുമണിക്ക് നടത്തുകയും. സുവിശേഷ യോഗത്തിൽ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും വചന ശുശ്രൂഷയും, വിശ്വാസ പഠനം, വിശ്വാസ സംബന്ധ ലഘുലേഖ വിതരണം എന്നിവ നിർവഹിക്കുന്നതാണ്.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഡൽഹി ഭദ്രാസന സമ്മേളനത്തിൽ പങ്കെടുത്തവർ ഭാരവാഹികളോടൊപ്പം.



ഒ.സി.വൈ.എം കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി റീജണൽ സമ്മേളനം
പാമ്പാടി സെന്റ് കുറിയാക്കോസ് ദയറയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ്
തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.



ഒ.സി.വൈ.എം. ഔട്ട് സൈഡ് കേരളാ റീജിയന്റെ നേതൃത്വത്തിൽ
രാജസ്ഥാൻ ജ്യോതിസ്സ് ആശ്രമത്തിൽ നടത്തിയ നേതൃസംഗമം പ്രസിഡന്റ്
ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.



ഒ.സി.വൈ.എം. നിരണം മാവേലിക്കര ചെങ്ങന്നൂർ റീജണൽ ലീഡേഴ്സ് മീറ്റ്
ഇരതോട് വീയപുരം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ
ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു.



ഒ.സി.വൈ.എം മലബാർ, സുൽത്താൻബത്തേരി, ബ്രഹ്മവാർ എന്നീ ഭദ്രാസനങ്ങൾ ഉൾപ്പെടുന്ന
റീജണൽ സമ്മേളനം കോഴിക്കോട് മേയർ ബീനാ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.



# പരുമലയിലെ പരിശുദ്ധിയുടെ കലവറയിലേക്കുള്ള യാത്ര



**അഡ്വ. ലിന്റോ എം. ലോയിഡ് മണ്ണിൽ**
(തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനം ജോ. സെക്രട്ടറി)

**മ**ലങ്കര സഭയുടെ സ്വന്തം വിശുദ്ധൻ എന്ന് സഭാമക്കൾ അഭിമാനം കൊള്ളുന്ന പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ വീണ്ടും സമാഗതമാകുന്നു നവംബർ മാസം എന്നുകേട്ടാൽ തന്നെ ഇത് പരുമല തിരുമേനിയുടെ ഓർമ്മയുടെ പുണ്യ മാസം എന്ന് മലയാളക്കര ഒന്നാകെ ഉച്ചസരത്തിൽ പറയുന്ന പുണ്യവാന്റെ ഓർമ്മ പുകൾപെറ്റതായി മാറിക്കഴിഞ്ഞു. ജീവിത വിശുദ്ധികൊണ്ടും തപസ്സുകൊണ്ടും ത്യാഗജീവിതം കൊണ്ടും ആയിരങ്ങൾക്ക് അഭയകേന്ദ്രമായിരുന്ന ഒരു പുണ്യ ആത്മാവ് ജീവിച്ചിരുന്ന നാടാണ് നമ്മുടെത്. ആ തപസ്സ ശ്രേഷ്ഠന്റെ ദേഹവിയോഗത്തെ തുടർന്ന് ആ പുണ്യാത്മാവ് കബറടങ്ങിയ ഭൂമിയിലേക്ക് ഭക്തലക്ഷങ്ങളാണ് ഒഴുകിയെത്തുന്നത്. ഗ്രിഗോറിയോസ് എന്ന പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ അഭയപ്പെട്ട് ജാതിമത ഭേദമന്യേ തീർത്ഥാടകരായി പരുമല പള്ളിയിൽ എത്തുന്നത് ഇന്നും പലരുടെയും ജീവിതത്തിന്റെ ഭാഗമാണ്.

തീർത്ഥം തേടിയുള്ള പുണ്യയാത്രയാണ് തീർത്ഥാടനം. പരുമലയിലേക്കുള്ള തീർത്ഥയാത്രയുടെ ചരിത്രം പരിശോധിക്കുമ്പോൾ പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ച നിരണം സ്കൂളിൽ നിന്നും മറ്റും പരുമല തിരുമേനി കാലം ചെയ്തതിന് ഏതാനം വർഷങ്ങക്ക് ശേഷം പരുമല പെരുന്നാളിൽ പങ്കെടുക്കാൻ കുട്ടികളും അധ്യാപകരും പോയിരുന്നതായി ചരിത്രം പറയുന്നു. പിന്നിട് പലരും വാഹനങ്ങളിലും, ട്രെയിനിലും മറ്റും തിരുവല്ലയിൽ എത്തി കാൽനടയായി പരുമല പെരുന്നാളിന് വന്നിരുന്നതായി കാണുന്നുണ്ട്. എന്നാൽ 1969ൽ കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്ൾസ് മഹാ ഇടവകയിലെ സെന്റ് ജോർജ്സ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ തുമ്പമൺ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളെ ഉൾപ്പെടുത്തി ഒരു ഭദ്രാസന പദയാത്ര പരുമലയിലേക്ക് ആരംഭിച്ചു. മല

ങ്കര സഭയിൽ സംഘടിതമായ രീതിയിൽ ഒരു ദേവാലയം കേന്ദ്രീകരിച്ച് പൂർണമായി കാൽ നട തീർത്ഥയാത്ര ആരംഭിച്ചത് കൈപ്പട്ടൂരിൽ നിന്നാണ്. ആയതിനാൽ ഇന്ന് കാണുന്ന പരുമല തീർത്ഥയാത്രകൾക്ക് രൂപം നൽകിയത് കൈപ്പട്ടൂരിൽ നിന്നാണ് എന്ന് നിസംശയം നമുക്ക് പറയുവാൻ സാധിക്കും. ആദ്യ തീർഥയാത്ര പന്തളം വഴി അറത്തി പള്ളിയിൽ എത്തി അവിടെനിന്ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ എത്തുന്ന രീതിയായിരുന്നു ആദ്യദിവസതെ പദയാത്ര. പുതിയകാവ് പള്ളിയിലെ വിശ്രമത്തിന് ശേഷം പിറ്റേ ദിവസം യാത്ര പുനരാരംഭിച്ച് ചെന്നിത്തല, നിരണം വഴി പരുമലയിൽ എത്തിയിരുന്നു. പരുമലയിലേക്ക് എത്താൻ അന്ന് പാലം ഇല്ലാത്തതിനാൽ വലിയ ചെങ്ങാടത്തിലാണ് ആളുകളും വാഹനവും പള്ളി നിൽക്കുന്ന കരയിൽ എത്തിയിരുന്നത്. ഈ തീർത്ഥയാത്രയെ വളരെ ആഘോഷപൂർവ്വം പരുമലയിലേക്ക് സ്വീകരിക്കുന്ന പതിവ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. പരുമല പിതാവിന്റെ മധ്യസ്ഥത മനസ്സിലാക്കി ജാതിമത ഭേദമന്യേയുള്ള ആളുകൾ ഈ തീർത്ഥയാത്രക്ക് വേണ്ട സഹായങ്ങൾ അന്നുമുതൽ ചെയ്തുവരുന്നു. ആദ്യ കാലഘട്ടത്തിൽ ഈ തീർത്ഥയാത്രയ്ക്ക് വലിയ സ്വീകരണം ലഭിച്ചത് നിരണം പള്ളിയിലും അവിടുത്തെ പ്രദേശവാസികളിൽ നിന്നുമാണ്. ഇപ്പോൾ ഈ തീർത്ഥയാത്ര പന്തളം, കുളനട, ചെങ്ങന്നൂർ വഴി പാണ്ടനാട് പള്ളിയിൽ എത്തി കത്തിച്ച മെഴുകുതിരികളുമായി പരിശുദ്ധ പരുമല തിരുമേനി ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന പ്രാർത്ഥന മന്ത്രവുമായി പരിശുദ്ധന്റെ കബറിങ്കൽ എത്തിച്ചേരുന്നു. ആദ്യകാലത്തെ തീർത്ഥയാത്രയോടൊപ്പം അന്ന് തൽസമയം പാടാനുള്ള ഒരു ചെറിയ ഗായകസംഘവും ഉണ്ടായിരുന്നു. തീർത്ഥയാത്ര സംഘം പരുമലയിൽ എത്തിയതിനു ശേഷം പരിശുദ്ധന്റെ കബറിന് മുൻപിൽ ഭക്തിഗാനങ്ങൾ ആലപിച്ച് നേർച്ച കാഴ്ചകൾ സമർപ്പിച്ചിരുന്നു. പിൽക്കാലത്തും അത് തുടർന്നു വരികയും ഇപ്പോൾ പരുമല പള്ളിയിലെ ചരിത്രപ്രസിദ്ധമായ രാത്രി റാസക്കുശേഷം പ്രത്യേകമായി ചാപ്പലിൽ ക്രമീകരിച്ചിരിക്കുന്ന സ്റ്റേജിൽ മുടക്കം കൂടാതെ ഭക്തിഗാനർച്ചന കൈപ്പട്ടൂർ എം.ജി.എം ഗായക സംഘം എന്ന ബാനറിൽ നടത്തിവരുന്നു. ആദ്യപദയാത്ര എന്ന അംഗീകാരം നൽകികൊണ്ട് പരുമല സെമിനാരി അധികൃതർ ഇന്നും ആ പാരമ്പര്യം കൈപ്പട്ടൂർ പള്ളിക്ക് നൽകി വരികയും ചെയ്യുന്നു. 2025 നവംബറിൽ 57 വയസ്സ് തികയുന്ന ഈ തീർത്ഥയാത്ര മുടക്കം കൂടാതെ ഇന്നും നടന്നുവരികയാണ്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ അഞ്ചു പേർ അടങ്ങുന്ന ചെറിയ സംഘം പദയാത്രയായി നടന്നു പരുമലയിൽ എത്തിയത് പരിശുദ്ധന്റെ മധ്യസ്ഥ ഒന്നു കൊണ്ട് മാത്രമാണ്. തുമ്പമൺ ഭദ്രാസന അടിസ്ഥാനത്തിൽ നടത്തുന്ന ഈ തീർത്ഥയാത്രയിൽ തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ ദേവാലയത്തിൽ നിന്നുള്ള പങ്കാളിത്തം ആദ്യ കാലഘട്ടങ്ങളിൽ ഉണ്ടായിരുന്നു. ഇപ്പോഴും പത്തനംതിട്ട ജില്ലയുടെ മലയോര മേഖലയിൽ നിന്ന് പ്രത്യേകിച്ച് മണ്ണീറ മാർ പീലക്സിനോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നിന്നുള്ള വിശ്വാസികൾ കൈപ്പട്ടൂരിൽ നിന്ന് ആരംഭിക്കുന്ന പദയാത്രയോടൊപ്പം ആണ് കഴിഞ്ഞ 40 വർഷങ്ങളായി പങ്കുചേരുന്നത്. മലങ്കര സഭയുടെ വിവിധ ദേവാലയങ്ങളിൽ നിന്ന് തീർത്ഥാടകരായി അനേകർ പരുമലയിൽ എത്തിച്ചേരുമ്പോൾ കൈപ്പട്ടൂർ ദേവാലയത്തിലെ യുവജനപ്രസ്ഥാന അംഗങ്ങൾക്ക് അഭിമാനവും സന്തോഷവും നിറയുന്ന നിമിഷങ്ങളാണ്. ആദ്യമായി ഒരു ദേവാലയത്തിൽ നിന്ന് പൂർണ്ണമായി കാൽനടയായി മലയാളം പരുമലയിലേക്ക് തീർത്ഥയാത്ര നടത്തുവാൻ സാധിച്ചു എന്നത് എക്കാലവും സന്തോഷം പകരുന്ന ഒന്നാണ്. മലങ്കര സഭയുടെ പരമാധ്യക്ഷനായിരുന്ന കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്ക ബാവ തിരുമനസ്സുകൊണ്ട് ആദ്യ പരുമല പദയാത്ര എന്ന് കൽപ്പിച്ച് 'പദയാത്രകളുടെ മാതാവ്' എന്ന് നാമകരണം ചെയ്തു അനുഗ്രഹിച്ചിട്ടുള്ളതാണ്. ദീർകദൂരം ദിവസങ്ങളോളം എടുത്തു നടന്നുവരുന്ന കേളകം പദയാത്രയും പരിശുദ്ധ പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തിയിൽ നിന്ന് എത്തുന്ന പദയാത്രയും ഹൈറേഞ്ച് മേഖലയായ ഇടുക്കിയിൽ നിന്നുള്ള തീർത്ഥയാത്രയും വളരെ പ്രാധാന്യം ഏറിയ തീർത്ഥയാത്രകളാണ്. തീർത്ഥയാത്രയുടെ മഹത്വം തീർത്ഥയാത്രയിൽ പങ്കെടുക്കുന്നവർക്ക് പരിശുദ്ധനിലൂടെ ലഭിക്കുന്ന അനുഗ്രഹവും സാക്ഷ്യങ്ങളുമാണ്. ജീവിതവിശുദ്ധി കൊണ്ട് ദൈവം തിരഞ്ഞെടുത്ത പരുമല തിരുമേനിയുടെ മധ്യസ്ഥതമൂലം നമുക്ക് അനുഗ്രഹം ലഭിക്കുവാൻ ഈ വർഷത്തെ ഓരോ തീർത്ഥയാത്രയും ഓർമ്മ പെരുന്നാളും ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊള്ളുന്നു.

# ഒ.സി.വൈ.എം 92 മത് രാജ്യാന്തര ത്രിദിന വാർഷിക സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.



തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2025 ഡിസംബർ 26, 27, 28 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വെച്ച് നടത്തപ്പെടുന്ന ഒ.സി.വൈ.എം. 92-ാമത് രാജ്യാന്തര ത്രിദിന വാർഷിക സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനം തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തയും സ്വാഗതസംഘം ചെയർമാനുമായ അഭി. ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ നിർവ്വഹിച്ചു.



മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം വള്ളികുന്നം സെന്റ് ജോർജ് പള്ളിയിൽ സംസ്ഥാന യുവജന കമ്മീഷൻ ചെയർമാൻ എം ഷാജർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.



റാന്നി–പെരുനാട് ബഥനി ആശ്രമത്തിലെ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഒ.സി.വൈ.എം തുമ്പമൺ, നിലയ്ക്കൽ, അടൂർ–കടമ്പനാട് റീജിയണൽ നേതൃസംഗമം പെരുനാട് ബഥനി ആശ്രമത്തിൽ ഫാ.സോളമൻ ഓ.ഐ.സി ഉദ്ഘാടനം ചെയ്യുന്നു.



ഒ.സി.വൈ.എം. തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര– പുനലൂർ ഭദ്രാസനങ്ങൾ ഉൾപ്പെടുന്ന തെക്കൻ മേഖല റീജണൽ നേതൃസംഗമം ആലഞ്ചേരി സെന്റ് മേരീസ് ഓർത്തഡോക്സ് തീർത്ഥാടന പള്ളിയിൽ കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ.ജയിൻ സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു.



നവതി ആഘോഷിക്കുന്ന മലങ്കര സഭയുടെ വലിയ തിരുമേനി അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തയ്ക്ക് ഒ.സി.വൈ.എം കേന്ദ്ര സമിതിയുടെ ആദരവ് സമർപ്പിക്കുന്നു.



ഒ.സി.വൈ.എം കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി റീജണൽ സമാപന സമ്മേളനം കെ. ഫ്രാൻസിസ് ജോർജ് എം.പി ഉദ്ഘാടനം ചെയ്യുന്നു.



കരിമുളയ്ക്കൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തിയ യൂത്ത് കോൺക്ലേവ്.



ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട ഓണക്കിറ്റ് വിതരണം.




തുമ്പമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2025 ഡിസംബർ 26, 27, 28 തീയതികളിൽ
പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടത്തപ്പെടുന്ന
ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ 92-ാമത് രാജ്യാന്തര
ത്രിദിന വാർഷിക സമ്മേളന പതാക പ്രസ്ഥാനം പ്രസിഡന്റ്
അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്
തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാന അംഗങ്ങൾ ഏറ്റുവാങ്ങുന്നു.




ഒ.സി.വൈ.എം നിരണം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന
സൺഡേ പാരീഷ് മിഷന്റെ ലോഗോ പ്രകാശനം



വിശുദ്ധിയെ തൊട്ടറിഞ്ഞ് ആത്മീയതയുടെ സൂര്യതേജസ്സായി
ഇന്നിന്റെ കാലഘട്ടത്തും പ്രോജ്വലിക്കുന്ന മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത
പരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ
123-ാം ഓർമ്മ പെരുന്നാളിലൂടെയാണ് നാം കടന്നു പോകുന്നത്.
കേരളത്തിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിനും മുൻപേ
സാമൂഹ്യ പരിഷ്കർത്താവായും, അപരന്റെ വേദനകളെ
തൊട്ടറിഞ്ഞ് കാരുണ്യസ്പർശമേകി ആത്മീയതയുടെ വിളനിലമായി
നമ്മുടെ ഇടയിൽ നിന്നും കടന്നുപോയ പരിശുദ്ധനാണ് പരുമല തിരുമേനി.
പുണ്യവാനും പരിശുദ്ധനുമായ പരുമല തിരുമേനിയുടെ
ഓർമപെരുന്നാളോടനുബന്ധിച്ച് യുവജനം മാസികയുടെ സ്പെഷ്യൽ പതിപ്പ്
പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

റോബിൻ ജോ വർഗീസ്
പബ്ലിഷർ

## M3 INTERNATIONAL

“നാളെയും നിർമ്മിക്കുന്നത്”

# M3 INTERNATIONAL

PRIVATE LIMITED

Construction Management | Villa Construction | Church Construction
Building & Construction Services | Interior & Exterior
Architectural | Design | Land Surveying & Analysis
Cost Estimation & Budgeting | Comprehensive Project
Oversight | Strategic Planning & Coordination

For more details
+91 830 1844 445 - www.m3international.in

TONY VARKICHAN ACHAYANS GROUP
SINCE 2005



# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

- നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
- ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

മദ്ധ്യതിരുവിതാംകൂറിൽ മാത്രമായി
**33 ബ്രാഞ്ചുകൾ**
21 വർഷത്തെ സേവനപാരമ്പര്യം

KERALA'S NO.1 GOLD BUYER

## അച്ചായൻസ് ഗോൾഡ്
916 HALLMARKED JEWELLERY

**കോഴഞ്ചേരി | തിരുവല്ല | ചെങ്ങന്നൂർ**

**85900 46 916 | 90613 50 916**

കോട്ടയം | ആലപ്പുഴ | പത്തനംതിട്ട | ഇടുക്കി | എറണാകുളം | ചങ്ങനാശ്ശേരി
കടുവാക്കുളം | സംക്രാന്തി | ഏറ്റുമാനൂർ | പാലാ | നീണ്ടൂർ | പേരൂർ | വാഗമൺ | ഉഴവൂർ | കുത്താട്ടുകുളം
കരിങ്കുന്നം | വാഴക്കുളം | പാമ്പാടി | മുണ്ടക്കയം | കട്ടപ്പന | കടുത്തുരുത്തി | ചേർത്തല | മരട് | കടവന്ത്ര

**ഉടൻ മല്ലപ്പള്ളിയിലും**

FREE



വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLY BAG**
സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*

FOR
**SPECIAL NRI SERVICES**
CONTACT:
Mr. Shinil Kurian
**90723 88 173**



Printed & Published by H.G.Dr.Geevarghese Mar Yulios Metropolitan, on behalf of President, OCYM, St. Thomas Bhavan, Kottayam
Layout & Printed at : Peediakkal Printers,Thiruvalla Phone : 94958 37117 Cheif Editor : Fr.Luke Babu, Publisher : Robin Jo Varghese.
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997